SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

# കണക്കുകൾ ഒറ്റനോട്ടത്തിൽ
# 2023-24

കേരള സർക്കാർ



# കണക്കുകൾ ഒറ്റനോട്ടത്തിൽ
## 2023-2024

**അക്കൗണ്ടന്റ് ജനറൽ**
**(അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്)**
**കേരള**

**കേരള സർക്കാർ**

# മുഖവുര

സംസ്ഥാനത്തിന്റെ വാർഷിക കണക്കുകൾ, സംസ്ഥാന നിയമസഭയുടെ മുമ്പിൽ വയ്ക്കുന്നതിന്, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കടമകളും അധികാര ങ്ങളും സേവനവ്യവസ്ഥകളും നിയമത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായുള്ള ഇന്ത്യ യുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിർദ്ദേശങ്ങൾക്കു കീഴിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തയ്യാറാക്കിയിട്ടുള്ളതും പരിശോധിച്ചിട്ടുള്ളതുമാണ്.

വാർഷിക കണക്കുകളിൽ (എ) സാമ്പത്തിക കണക്കുകൾ (ബി) ധനവിനിയോഗ കണക്കുകൾ എന്നിവ ഉൾപ്പെടുന്നു. സഞ്ചിത നിധി, ആകസ്മിക നിധി, പൊതു കണക്കു കൾ എന്നിവയുടെ സംക്ഷിപ്ത സ്റ്റേറ്റ്മെന്റുകളാണ് സാമ്പത്തിക കണക്കുകൾ സംസ്ഥാന നിയമസഭ അംഗീകരിച്ച വകയിരുത്തലിനെതിരെയുള്ള ഗ്രാന്റ് തിരിച്ചുള്ള ചെലവുകളെ കാ ണിക്കുകയും, യഥാർത്ഥ ചെലവുകളും വകയിരുത്തിയ ഫണ്ടുകളും തമ്മിലുള്ള വ്യതിയാ നങ്ങൾക്കുള്ള വിശദീകരണങ്ങൾ നൽകുകയും ചെയ്യുന്നതാണ് ധനവിനിയോഗ കണ ക്കുകൾ.

സാമ്പത്തിക കണക്കുകളിലും, ധനവിനിയോഗ കണക്കുകളിലും പ്രതിഫലിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിശാലമായ ഒരു അവലോകനം **'കണക്കുകൾ ഒറ്റ നോട്ടത്തിൽ'** പ്രദാനം ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ സംക്ഷിപ്തമായ വിശദീകരണ ങ്ങളും, സ്റ്റേറ്റ്മെന്റുകളും, രേഖാചിത്രങ്ങളും സഹിതം അവതരിപ്പിക്കുന്നു.

ഈ പ്രസിദ്ധീകരണത്തിന്റെ മെച്ചപ്പെടുത്തലിനു സഹായകരമായ നിർദ്ദേശങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

Atoorva Sinha

**അതൂർവ സിൻഹ**
**അക്കൗണ്ടന്റ് ജനറൽ (എ&ഇ)**
**കേരള**

തിരുവനന്തപുരം
02.12.2024

# ഞങ്ങളുടെ വീക്ഷണവും ദൗത്യവും കാതലായ മൂല്യങ്ങളും

## വീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സ്ഥാപനത്തിന്റെ വീക്ഷണം ഞങ്ങൾ എന്താകാൻ ആഗ്രഹിക്കുന്നു എന്നതിനെ പ്രതിനിധാനം ചെയ്യുന്നു..

ഞങ്ങൾ ദേശീയ അന്തർദേശീയ തലത്തിൽ പൊതുമേഖലയിലുള്ള ഓഡിറ്റിംഗിലും അക്കൗണ്ടിംഗിലും ഉള്ള മികച്ച സമ്പ്രദായങ്ങളുടെ ആഗോള നായകരും പ്രാരംഭകരും ആകുന്നതിന് പരിശ്രമിക്കുകയും പൊതു സമ്പത്തിന്മേലും ഭരണത്തിന്മേലും ഉള്ള വിശ്വാസയോഗ്യവും സമീകൃതവും സമയബന്ധിതവും ആയ റിപ്പോർട്ടിംഗിന് അംഗീകരിക്കപ്പെട്ടവരുമാണ്.

## ദൗത്യം

ഞങ്ങളുടെ ദൗത്യം, നിലവിലുള്ള ഞങ്ങളുടെ കർത്തവ്യത്തെ പ്രഖ്യാപിക്കുകയും ഇന്ന് ഞങ്ങൾ ചെയ്യുന്നതിനെ വിവരിക്കുകയും ചെയ്യുന്നു.

ഇന്ത്യയുടെ ഭരണഘടന അനുശാസിച്ചിട്ടുള്ള ഉയർന്ന നിലവാരമുള്ള ഓഡിറ്റിംഗും മുഖേന ഞങ്ങൾ ഉത്തരവാദിത്വപരവും സുതാര്യവും ഗുണകരവുമായ ഭരണം പ്രോത്സാഹിപ്പിക്കുകയും ഞങ്ങളുടെ കക്ഷികൾക്ക് നിയമനിർമ്മാണ സമിതി, നിർവ്വാഹകസമിതി, പൊതുജനങ്ങൾ – പൊതു ഫണ്ടുകൾ കാര്യക്ഷമമായും ഉദ്ദേശലക്ഷ്യങ്ങൾക്കുവേണ്ടിയും വിനിയോഗിക്കുന്നു എന്നതിന് സ്വതന്ത്രമായ ഉറപ്പു നൽകുകയും ചെയ്യുന്നു.

## കാതലായ മൂല്യങ്ങൾ

ഞങ്ങളുടെ കാതലായ മൂല്യങ്ങൾ, ഞങ്ങളുടെ എല്ലാ പ്രവർത്തികൾക്കുമുള്ള മാർഗ്ഗദീപം ആകുകയും ഞങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള മാനദണ്ഡം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

- സ്വാതന്ത്ര്യം
- വാസ്തവികത
- സമഗ്രത
- വിശ്വസനീയത
- ഔദ്യോഗിക മേന്മ
- സുതാര്യത
- വാസ്തവികമായ സമീപനം

# ഉള്ളടക്കം


## അദ്ധ്യായം I അവലോകനം

| | | |
|---|---|---|
| 1.1 | ആമുഖം | 1 |
| 1.2 | കണക്കുകളുടെ ഘടന | 2 |
| 1.3 | സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും | 5 |
| 1.4 | ഫണ്ടുകളുടെ ഉറവിടവും പ്രയോഗവും | 8 |
| 1.5 | കണക്കുകളുടെ പ്രധാന ഭാഗങ്ങൾ | 11 |
| 1.6 | കമ്മിയും മിച്ചവും എന്തു സൂചിപ്പിക്കുന്നു? | 12 |

## അദ്ധ്യായം II വരവുകൾ

| | | |
|---|---|---|
| 2.1 | ആമുഖം | 16 |
| 2.2 | റവന്യൂ വരവുകൾ | 16 |
| 2.3 | റവന്യൂ വരവുകളുടെ ഘടകങ്ങൾ (2023-24) | 17 |
| 2.4 | വരവുകളുടെ പ്രവണത | 18 |
| 2.5 | റവന്യൂ നികുതി | 19 |
| 2.6 | സംസ്ഥാനത്തിന്റെ തനത് നികുതി വരവുകളുടെ സമാഹരണത്തിന്റെ നിർവ്വഹണം | 20 |
| 2.7 | നികുതി സമാഹരണത്തിലെ കാര്യക്ഷമത | 22 |
| 2.8 | കഴിഞ്ഞ അഞ്ചു വർഷകാലയളവിലെ കേന്ദ്ര നികുതികളിൽ ഉള്ള സംസ്ഥാന വിഹിതത്തിന്റെ പ്രവണത | 23 |
| 2.9 | ഗ്രാന്റ്സ്-ഇൻ-എയ്ഡ് | 23 |
| 2.10 | പൊതുകടം | 24 |

## അദ്ധ്യായം III ചെലവുകൾ

| | | |
|---|---|---|
| 3.1 | ആമുഖം | 26 |
| 3.2 | റവന്യൂ ചെലവുകൾ | 27 |
| 3.3 | മൂലധന ചെലവ് | 30 |

## അദ്ധ്യായം IV പ്ലാനിൽപെട്ടതും പ്ലാനിൽ പെടാത്തതുമായ ചെലവുകൾ


| | | |
|---|---|---|
| 4.1 | ചെലവുകളുടെ തരംതിരിക്കൽ | 33 |
| 4.2 | പ്ലാനിൽപ്പെട്ട ചെലവുകൾ | 33 |
| 4.3 | പ്ലാനിൽ പെടാത്ത ചെലവുകൾ | 35 |
| 4.4 | പ്രതിബദ്ധതയുള്ള ചെലവുകൾ | 36 |


## അദ്ധ്യായം V ധനവിനിയോഗ കണക്കുകൾ


| | | |
|---|---|---|
| 5.1 | ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം | 38 |
| 5.2 | കഴിഞ്ഞ അഞ്ച് വർഷകാലത്തിന്റെ മിച്ചം/അധികത്തിന്റെ പ്രവണത | 39 |
| 5.3 | ആകസ്മിക നിധിയിൽ നിന്നുള്ള മുൻകൂറുകൾ | 42 |


## അദ്ധ്യായം VI ആസ്തികളും ബാധ്യതകളും


| | | |
|---|---|---|
| 6.1 | ആസ്തികൾ | 43 |
| 6.2 | കടവും ബാധ്യതകളും | 44 |
| 6.3 | ഗ്യാരന്റികൾ | 45 |


## അദ്ധ്യായം VII മറ്റിനങ്ങൾ


| | | |
|---|---|---|
| 7.1 | ആഭ്യന്തര കടത്തിനു കീഴിലുള്ള പ്രതിലോമ നീക്കിയിരിപ്പുകൾ | 47 |
| 7.2 | സംസ്ഥാന ഗവൺമെന്റ് നൽകുന്ന വായ്പകളും മുൻകൂറുകളും | 47 |
| 7.3 | തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവയ്ക്കും ഉള്ള ധനസഹായം | 48 |
| 7.4 | നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിന്റെ നിക്ഷേപവും | 49 |
| 7.5 | കണക്കുകളുടെ പൊരുത്തപ്പെടുത്തൽ | 50 |
| 7.6 | ട്രഷറികൾ കണക്കുകൾ സമർപ്പിക്കുന്നത് | 50 |
| 7.7 | സസ്പെൻസ് അക്കൗണ്ട്സ് ബാലൻസിന്റെ സ്ഥിതി | 50 |
| 7.8 | പൂർത്തീകരിക്കാത്ത പദ്ധതികളും/പണികളും കാരണമുള്ള പ്രതിബദ്ധതകൾ | 51 |
| 7.9 | ന്യൂ പെൻഷൻ സ്കീം | 51 |
| 7.10 | പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (പിഎസ്റ്റിഎസ്ബി) | 51 |
| 7.11 | നിക്ഷേപങ്ങൾ | 52 |


എൻ.ബി പരിഭാഷപ്പെടുത്തിയ കാര്യങ്ങളിൽ സംശയം ഉളവായാൽ ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി കരുതേണ്ടതാണ്.

# അദ്ധ്യായം I

## അവലോകനം

### 1.1 ആമുഖം

സംസ്ഥാന ഗവൺമെന്റിന്റെ പ്രതിമാസ കണക്കുകൾ, ജില്ലാ ട്രഷറികളും, ഇ–ട്രഷറികളും അക്കൗണ്ടന്റ് ജനറലിന് (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്) സമർപ്പിച്ച കണക്കുകളിൽ നിന്നും ഭാരതീയ റിസർവ്വ് ബാങ്കിന്റെ അറിയിപ്പുകളിൽ നിന്നും സമാഹരിച്ച് ഏകീകരിക്കുന്നു. അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഫീസ് കേരള ഗവൺമെന്റിന് ഒരു പ്രതിമാസ സിവിൽ കണക്കുകൾ സമർപ്പിക്കുന്നു. ഗവൺമെന്റിന്റെ പ്രധാനപ്പെട്ട സാമ്പത്തിക സൂചകങ്ങളും ചെലവുകളുടെ ഗുണനിലവാരവും സംബന്ധിച്ചുള്ള ഒരു ത്രൈമാസ വിലമതിക്കൽ കുറിപ്പുകൂടി അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ ഓഫീസ് സമർപ്പിക്കുന്നു. കൂടാതെ, 1971–ലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ (കടമകളും അധികാരങ്ങളും സേവന വ്യവസ്ഥകളും) നിയമം ആവശ്യപ്പെടുന്നതനുസരിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിർദ്ദേശങ്ങൾക്കു കീഴിൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) വർഷംതോറും ''സാമ്പത്തിക കണക്കുകളും'' ''ധനവിനിയോഗ കണക്കുകളും'' തയ്യാറാക്കുന്നു.

## 1.2 കണക്കുകളുടെ ഘടന

### 1.2.1 ഗവൺമെന്റ് കണക്കുകൾ മൂന്നു ഭാഗങ്ങളിലായി സൂക്ഷിക്കപ്പെടുന്നു

**ഭാഗം I**

**സഞ്ചിത നിധി**

നികുതികളും, നികുതിയേതര റവന്യൂ വരവുകളും, സ്വരൂപിച്ച വായ്പകളും വായ്പകളുടെ തിരിച്ചടവുകളും (അതിന്മേലുള്ള പലിശ ഉൾപ്പെടെ) ഗവൺമെന്റിന്റെ എല്ലാ വരവുകളും അടങ്ങിയിരിക്കുന്നു. വായ്പകൾ നൽകുന്നതും എടുത്ത വായ്പകളുടെ തിരിച്ചടവുകളും (അതിന്മേലുള്ള പലിശ ഉൾപ്പെടെ) ഗവൺമെന്റിന്റെ എല്ലാ ചെലവുകളും കൊടുക്കലുകളും ഈ ഫണ്ടിൽ നിന്നും വഹിക്കുന്നു.

**ഭാഗം II**

**ആകസ്മിക നിധി**


ആകസ്മിക നിധി, ഒരു കരുതൽ ധനത്തിന്റെ സ്വഭാവത്തിൽ ഉള്ളതും, നിയമസഭയുടെ അംഗീകാരം ലഭിക്കാനുള്ള, അപ്രതീക്ഷിത ചെലവുകൾ നേരിടുന്നതിന് ഉദ്ദേശിക്കുന്നതുമാണ്. അപ്രകാരമുള്ള ചെലവുകൾ, പിന്നീട്, സഞ്ചിതനിധിയിൽ നിന്നും വീണ്ടെടുക്കുകയും ചെയ്യുന്നു. കേരള ഗവൺമെന്റിന് ഈ ഫണ്ടിലുള്ള മുതൽ ₹100 കോടിയാണ്.

**ഭാഗം III**

**പൊതുകണക്ക്**


പൊതുകണക്കിൽ, കടങ്ങളുടെ (ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തവ) നിക്ഷേപങ്ങളും, മുൻകൂറുകളും, ഒടുക്കലുകളും സസ്പെൻസും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തേണ്ടതാണ്. ഈ ഭാഗത്തിലുള്ള കടങ്ങളും നിക്ഷേപങ്ങളും മുൻകൂറുകളും സംബന്ധിച്ച ഇടപാടുകൾ ആദ്യം സൂചിപ്പിച്ചവയും (കടങ്ങളും നിക്ഷേപങ്ങളും) തിരിച്ചടവുകളോടും രണ്ടാമത് സൂചിപ്പിച്ചവയുടെ (മുൻകൂറുകൾ) വസൂലാക്കലുകളോടും ഒപ്പം ലഭിച്ച പണം തിരിച്ചടയ്ക്കാൻ ഗവൺമെന്റിന് ബാധ്യതയുള്ളതോ അല്ലെങ്കിൽ നൽകിയ തുക വസൂലാക്കുന്നതിന് അർഹതപ്പെട്ടതോ ആയവയാണ്. ഈ ഭാഗത്തെ ‘ഒടുക്കലുകളും’ സസ്പെൻസും സംബന്ധിച്ച ഇടപാടുകൾ, ട്രഷറികളും കറൻസി ചെസ്റ്റുകളും തമ്മിലുള്ള പണം ഒടുക്കലുകളും വ്യത്യസ്ത അക്കൗണ്ടിംഗ് സർക്കിളുകൾ തമ്മിലുള്ള മാറ്റലുകളും കാണപ്പെടേണ്ട ക്രമീകരണത്തിനു മാത്രമായുള്ള ഹെഡ്ഡുകളും ഉൾപ്പെടേണ്ടതാണ്. ഈ ഹെഡ്ഡുകളിൽ പ്രാരംഭത്തിലുള്ള ഡെബിറ്റുകളും ക്രെഡിറ്റുകളും അവസാനമായി അന്തിമ കണക്ക് ഹെഡ്ഡുകളിൽ വകകൊള്ളിച്ച് തീർപ്പാക്കുന്നു.

## 1.2.2 ഗവൺമെന്റ് കണക്കുകളുടെ ഘടനയുടെ രേഖാചിത്രം



### 1.2.3 കണക്കുകളുടെ സമാഹരണം

കണക്കുകളുടെ സമാഹരണത്തിനുള്ള ഫ്ളോ ഡയഗ്രം



## 1.3 സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും

### *1.3.1 സാമ്പത്തിക കണക്കുകൾ*

സാമ്പത്തിക കണക്കുകൾ, ഗവൺമെന്റിന്റെ തന്നാണ്ടത്തെ വരവുകളുടേയും ചെലവുകളുടേയും കണക്കുകളോടൊപ്പം കണക്കുകളിൽ രേഖപ്പെടുത്തിയ നീക്കിയിരുപ്പുകളിൽ നിന്നും കണക്കാക്കിയ പൊതു കടത്തിന്റേയും ബാദ്ധ്യതകളുടെയും, ആസ്തികളുടെയും കണക്കുകളും, റവന്യൂ കണക്കുകളും മൂലധന കണക്കുകളും വെളിപ്പെടുത്തിയ സാമ്പത്തിക ഫലങ്ങളും അവതരിപ്പിക്കുന്നു. വാല്യം I – ൽ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്, സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയുടെയും, ഇടപാടുകളുടെയും വിവരണങ്ങൾ നൽകുന്ന സംഗ്രഹ സ്റ്റേറ്റ്മെന്റുകൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുടെ, സംഗ്രഹമടങ്ങിയ 'കണക്കുകൾക്കുള്ള കുറിപ്പുകൾ', വിവരങ്ങൾ/വിശദീകരണങ്ങൾ, ബഡ്ജറ്റിന്റെയും സാമ്പത്തിക റിപ്പോർട്ടിംഗിന്റേയും മുഖ്യപ്രമാണം, അക്കൗണ്ടുകളുടെ ഘടന, മറ്റിനങ്ങൾ എന്നിവ അടങ്ങുന്നു. വാല്യം – II ൽ വിശദമായ സ്റ്റേറ്റ്മെന്റുകളും (ഭാഗം I), I മുതൽ XII വരെയുള്ള അനുബന്ധങ്ങളും (ഭാഗം II) അടങ്ങുന്നു.


2023–24– കാലയളവിലെ സംസ്ഥാന ഗവൺമെന്റിന്റെ വരവുകളും ചെലവുകളും താഴെ ചേർക്കുന്നു:-

**(₹കോടിയിൽ)**

<table>
<tr><td rowspan="6">വരവുകൾ<br><br>മൊത്തം: 159506.51</td><td rowspan="3">റവന്യൂ മൊത്തം<br><br>124486.15</td><td>നികുതി വരുമാനം</td><td>96071.93</td></tr>
<tr><td>നികുതിയേതര വരുമാനം</td><td>16345.96</td></tr>
<tr><td>ഗ്രാന്റ്സ്–ഇൻ–എയ്ഡ്</td><td>12068.26</td></tr>
<tr><td rowspan="3">മൂലധനം<br><br>മൊത്തം:35020.36</td><td>പലവക മൂലധന വരവുകൾ</td><td>47.51</td></tr>
<tr><td>വായ്പകളുടേയും മുൻകൂറുകളുടേയും തിരിച്ചു പിടിക്കലുകൾ</td><td>714.80</td></tr>
<tr><td>കടമെടുക്കലുകളും മറ്റു ബാധ്യതകളും (*)</td><td>34258.05</td></tr>
<tr><td rowspan="3">ചെലവുകൾ<br><br>മൊത്തം: 159506.51</td><td colspan="2">റവന്യൂ</td><td>142626.34</td></tr>
<tr><td colspan="2">മൂലധനം</td><td>13584.45</td></tr>
<tr><td colspan="2">വായ്പകളും മുൻകൂറുകളും</td><td>3295.72</td></tr>
</table>

**(*)കടമെടുക്കലുകളും മറ്റു ബാദ്ധ്യതകളും : അറ്റ (വരവുകൾ–ചെലവുകൾ) പൊതുകടം+ അറ്റ ആകസ്മിക നിധി + അറ്റ (വരവുകൾ – ചെലവുകൾ) പൊതുകണക്ക് + അറ്റ മുന്നിരിപ്പ് പണവും നീക്കിയിരുപ്പ് പണവും.**

## 2023–24 കാലയളവിലെ സംസ്ഥാന ഗവൺമെന്റിന്റെ വരവുകളും ചെലവുകളും




(*)കടമെടുക്കലുകളും മറ്റു ബാദ്ധ്യതകളും: അറ്റ (വരവുകൾ–ചെലവുകൾ) പൊതുകടം+അറ്റ ആകസ്മിക നിധി+അറ്റ (വരവുകൾ–ചെലവുകൾ) പൊതുകണക്ക് + അറ്റ മുന്നിരിപ്പ് പണവും നീക്കിയിരിപ്പ് പണവും.

### *1.3.2 ധനവിനിയോഗ കണക്കുകൾ*

ധനവിനിയോഗ കണക്കുകൾ, സാമ്പത്തിക കണക്കുകൾക്ക് അനുബന്ധമാകുകയും, സംസ്ഥാന നിയമസഭ ചാർജ്ജ് ചെയ്തതും വോട്ട് ചെയ്തതുമായ തുകകൾക്കുനേരെ സംസ്ഥാന ഗവൺമെന്റിന്റെ ചെലവ് കാണിക്കുകയും ചെയ്യുന്നു. ഒരു ഗ്രാന്റ്, അതായത്. ''ആകസ്മിക നിധി'' ഒഴികെ, 47 ഗ്രാന്റുകൾ ഉള്ളതിൽ, 14 എണ്ണം വോട്ട് ചെയ്ത ഗ്രാന്റുകൾ മാത്രവും രണ്ടെണ്ണം ചാർജ്ജ് ചെയ്ത ധനവിനിയോഗങ്ങൾ മാത്രവും, 31 എണ്ണം ചാർജജ് ചെയ്തതും വോട്ടു ചെയ്തതുമായ ധനവിനിയോഗങ്ങളും ഉൾപ്പെടുന്നു.

### *1.3.3 ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള കാര്യക്ഷമത*

സംസ്ഥാന നിയമസഭ പാസാക്കിയ ധനവിനിയോഗ നിയമം, 2023-24 വർഷക്കാലത്തെ സപ്ളിമെന്ററി വകയിരുത്തലായ ₹40819.70 കോടി ഉൾപ്പെടെ ₹267969.31 കോടിയുടെ ആകെ ചെലവ് കണക്കാക്കിയിട്ടുണ്ട്. ചെലവുകളിൽ കുറവു വരുത്തുന്ന വസൂലാക്കലുകൾ ആയി ₹1509.86 കോടിയും കണക്കാക്കിയിട്ടുണ്ട്.

2023-24-ലെ ധനവിനിയോഗ കണക്കുകൾ, ബഡ്ജറ്റ് വകയിരുത്തലായ ₹267969.31 കോടിയുടെ സ്ഥാനത്ത് ₹238434.96 കോടിയുടെ ആകെ ചെലവ് കാണിക്കുകയും, തൽഫലമായി ഗ്രാന്റുകളുടെയും ധനവിനിയോഗങ്ങളുടെയും സ്ഥാനത്ത് ₹29534.35 കോടിയുടെ മൊത്തത്തിലുള്ള മിച്ചവും കാണിക്കുന്നു. ₹29534.35 കോടിയുടെ മൊത്തത്തിലുള്ള മിച്ചം, റവന്യു വിഭാഗത്തിനു കീഴിലുള്ള 42 ഗ്രാന്റുകളുടെയും, 26 ധനവിനിയോഗങ്ങളുടേയും, മൂലധന വിഭാഗത്തിലുള്ള 26 ഗ്രാന്റുകളുടെയും 12 ധനവിനിയോഗങ്ങളുടേയും, മിച്ചമായ ₹29962.02 കോടിയെ, റവന്യു വിഭാഗത്തിലുള്ള ₹73.08 കോടിയുടേയും (വാഹന നികുതികൾ, കടബാദ്ധ്യതകൾ, പൊതുമരാമത്ത്, പട്ടികവർഗ്ഗക്കാരുടെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും ക്ഷേമം) മൂലധന വിഭാഗത്തിലുള്ള ₹354.59 കോടിയുടെയും (പോലീസ്, ജലസേചനം, തുറമുഖങ്ങളും ഗതാഗതവും) അധികം തട്ടിക്കിഴിച്ചതിന്റെ ഫലമാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റിനെ സംബന്ധിച്ചിടത്തോളം ₹3052.74 കോടിയുടെ വർദ്ധനവ് പ്രകടമാക്കികൊണ്ട് ചെലവ് കുറച്ചുകൊണ്ടുള്ള വസൂലാക്കലുകളുടെ തുക ₹4562.60 കോടിയാണ്.

## 1.4 ഫണ്ടുകളുടെ ഉറവിടവും പ്രയോഗവും

### *1.4.1 വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ*

ഗവൺമെന്റ്, അതിന്റെ പണലഭ്യത നിലനിർത്തുന്നതിനും പരിപാലിക്കുന്നതിനും, ഭാരതീയ റിസർവ് ബാങ്കിൽ നിന്നും (ആർ.ബി.ഐ) വേയ്സ് ആന്റ് മീൻസ് മുൻകൂറുകൾ എടുക്കുകയും, അതിനുശേഷം, അതിന്റെ ആർ ബി ഐ അക്കൗണ്ടിൽ കരാർ പ്രകാരമുള്ള മിനിമം നീക്കിയിരുപ്പ് പണത്തിൽ കുറവ് വരുന്ന സന്ദർഭങ്ങളിൽ ഓവർ ഡ്രാഫറ്റുകൾ പിൻവലിക്കുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റ് ആർ.ബി.ഐ യിൽ ഏറ്റവും കുറഞ്ഞത് ₹1.66 കോടിയുടെ നീക്കിയിരുപ്പ് പണം നിലനിർത്തേണ്ടതുണ്ട്. അങ്ങനെ എടുക്കുന്ന വെയ്സ് ആന്റ് മീൻസ് മുൻകൂർ തുകകളുടെ വലിപ്പവും അല്ലെങ്കിൽ പിൻവലിക്കലുകളുടെ എണ്ണവും എത്ര കണ്ടു കൂടുന്നുവോ, അത്രകണ്ട് കൂടുതലായി ഗവൺമെന്റിന്റെ നീക്കിയിരിപ്പ് പണത്തിന്റെ മോശം സ്ഥിതിയെയും പ്രതിഫലിപ്പിക്കുന്നു. 2023–24 കാലയളവിൽ കേരള ഗവൺമെന്റ്, 225 തവണകളിലായി ₹53306.52 കോടിയുടെ വെയ്സ് ആന്റ് മീൻസ് മുൻകൂർ സൗകര്യം പ്രയോജനപ്പെടുത്തി. (സാധാരണ വെയ്സ് ആന്റ് മീൻസും പ്രത്യേക പിൻവലിക്കൽ സൗകര്യവും). 2023–24 വർഷകാലയളവിൽ സംസ്ഥാനം 67 തവണ ഓവർഡ്രാഫ്റ്റ് എടുത്തു.

### *1.4.2 ഫണ്ടിന്റെ ഒഴുക്ക് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് (ഫണ്ടുകളുടെ ഉറവിടവും പ്രയോഗവും)*

സംസ്ഥാനത്തിന് ഗ്രോസ്സ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ (ജിഎസ്ഡിപി) യഥാക്രമം 1.58 ശതമാനവും 2.99 ശതമാനവും വീതം പ്രതിനിധീകരിക്കുന്ന ₹18140.19 കോടിയുടെ റവന്യൂ കമ്മിയും, ₹34258.05 കോടിയുടെ ധനകമ്മിയും ഉണ്ടായിരുന്നു. ധനകമ്മി മൊത്തം ചെലവിന്റെ 21.48 ശതമാനമാണ്. ഈ കമ്മികൾക്ക്, പൊതുകടത്തിൽ നിന്നും (₹29989.02 കോടി) മറ്റു ബാദ്ധ്യതകളിൽ നിന്നും (₹4269.03 കോടി) ധനസഹായം ലഭിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ വരുമാനങ്ങളുടെ 73.36 ശതമാനം (₹124486.15 കോടി) ഏറ്റെടുത്ത ചുമതലകളായ ശമ്പളം, (₹38572.84 കോടി), പലിശ തിരിച്ചടവുകൾ, (₹27106.22 കോടി), പെൻഷനുകൾ (₹25644.24 കോടി) എന്നിവയ്ക്കുവേണ്ടി ചെലവഴിച്ചു.

## ഫണ്ടുകളുടെ ഉറവിടവും പ്രയോഗവും


(₹കോടിയിൽ)

| | വിവരണങ്ങൾ | തുക |
|---|---|---|
| ഉറവിടം | മുന്നിരിപ്പ് പണം | 182.69 |
| | റവന്യൂ വരവുകൾ | 124486.15 |
| | മൂലധന വരവുകൾ | 47.51 |
| | വായ്പകളുടേയും മുൻകൂറുകളുടേയും വസൂലാക്കൽ | 714.80 |
| | പൊതുകടം | 104354.86 |
| | ലഘുനിക്ഷേപങ്ങൾ, പ്രൊവിഡന്റ് ഫണ്ടും മറ്റുള്ളവയും | 148966.14 |
| | കരുതൽ ഫണ്ടുകളും ഋണമോചന ഫണ്ടുകളും | 1333.65 |
| | ലഭിച്ച നിക്ഷേപങ്ങൾ | 6704.06 |
| | സിവിൽ മുൻകൂറുകളുടെ തിരിച്ചടവ് | 0.44 |
| | സസ്പെൻസും പലവകയും | 223528.26 |
| | ആകസ്മിക നിധി | 0.00 |
| | പണം ഒടുക്കലുകൾ | 4668.57 |
| | **മൊത്തം** | **614987.13** |

| | വിവരണങ്ങൾ | തുക |
|---|---|---|
| പ്രയോഗം | റവന്യൂ ചെലവുകൾ | 142626.34 |
| | മൂലധന ചെലവുകൾ | 13584.45 |
| | വായ്പകൾ നൽകിയത് | 3295.72 |
| | പൊതുകടം തിരിച്ചടവ് (*) | 74365.84 |
| | ലഘുസമ്പാദ്യങ്ങൾക്കും, നിക്ഷേപങ്ങൾക്കും മുൻകൂറുകൾക്കും നൽകിയത് | 149212.82 |
| | കരുതൽ ഫണ്ടുകളും ഋണമോചന ഫണ്ടുകളും | 953.68 |
| | നിക്ഷേപങ്ങൾ തിരിച്ചു വന്നത് | 6635.60 |
| | സിവിൽ മുൻകൂറുകൾ നൽകിയത് | 0.23 |
| | സസ്പെൻസും പലവകയും | 220575.55 |
| | ആകസ്മിക നിധി | 0.00 |
| | പണം ഒടുക്കലുകൾ | 3461.54 |
| | നീക്കിയിരിപ്പ് പണം | 275.36 |
| | **മൊത്തം** | **614987.13** |


(*)കേന്ദ്രഗവൺമെന്റിന് (₹ 932.75 കോടി) മറ്റുള്ളവയ്ക്ക് (₹ 73,433.09) കോടി.

## 1.4.3 രൂപയുടെ വരവ്




കുറിപ്പ്: (i) പൊതുകണക്ക് (വരവ്-ചെലവ്) 'അറ്റ' തായി കണക്കാക്കിയിരിക്കുന്നു. (ii) വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചുപിടിക്കൽ മൂലധന വരവുകൾ എന്നിവ യഥാക്രമം ₹714.80 കോടിയും ₹47.51 കോടിയുമാണ് ആയത് നിസ്സാര തുകയായതിനാൽ മൂല്യം * എന്ന് കാണിച്ചിരിക്കുന്നു.

## രൂപയുടെ ചെലവ്




കുറിപ്പ്: (i) നീക്കിയിരിപ്പ് പണം 'അറ്റ'തായി കണക്കാക്കിയിരിക്കുന്നു.

(ii) നിക്ഷേപങ്ങളും പരിപാലനവും യഥാക്രമം ₹259.09 കോടിയും ₹138.42 കോടിയുമാണ്, ആയത് നിസ്സാര തുകയായതിനാൽ മൂല്യം * എന്ന് കാണിച്ചിരിക്കുന്നു.

## 1.5 കണക്കുകളുടെ പ്രധാന ഭാഗങ്ങൾ

( ₹ കോടിയിൽ)

| ക്രമ നം. | വിവരണങ്ങൾ | ബജറ്റ് എസ്റ്റിമേറ്റ് 2023-24 | യഥാർത്ഥ കണക്കുകൾ | യഥാർത്ഥ കണക്കുകളും ബജറ്റ് എസ്റ്റിമേറ്റുമായുള്ള ശതമാനം | യഥാർത്ഥ കണക്കുകൾക്ക് ജിഎസ്ഡിപിയുമായുള്ള ശതമാനം (*) |
|---|---|---|---|---|---|
| 1 | നികുതി വരുമാനം | 102464.02 | 96071.93 | 93.76 | 8.38 |
| 2 | നികുതിയേതര വരുമാനം | 17088.62 | 16345.96 | 95.65 | 1.43 |
| 3 | ഗ്രാന്റ്സ് ഇൻ എയ്ഡും അംശദാനങ്ങളും | 15866.03 | 12068.26 | 76.06 | 1.05 |
| 4 | റവന്യൂ വരവുകൾ ( 1+2+3) | 135418.67 | 124486.15 | 91.93 | 10.86 |
| 5 | വായ്പകളുടേയും മുൻകൂറുകളുടേയും തിരിച്ചടവ് | 941.75 | 714.80 | 75.90 | 0.06 |
| 6 | മറ്റു വരവുകൾ | 66.30 | 47.51 | 71.66 | 0.00 |
| 7 | കടമെടുക്കലുകളും മറ്റു ബാധ്യതകളും (#) | 51856.38 | 34258.05 | 66.06 | 2.99 |
| 8 | മൂലധന വരവുകൾ (5+6+7) | 52864.43 | 35020.36 | 66.25 | 3.06 |
| 9 | മൊത്തം വരവുകൾ (4+8) | 188283.10 | 159506.51 | 84.72 | 13.92 |
| 10 | പ്ലാനിൽപെടാത്ത ചെലവുകൾ (എൻപിഇ) | 148688.71 | 125195.99 | 84.20 | 10.92 |
| 11 | റവന്യൂ കണക്കിലുള്ള എൻപിഇ | 142293.65 | 124005.73 | 87.15 | 10.82 |
| 12 | പലിശ അടവിലുള്ള എൻപിഇ (11-ൽ നിന്നും) | 26925.65 | 27106.22 | 100.67 | 2.37 |
| 13 | മൂലധന കണക്കിലുള്ള എൻപിഇ | 6395.06 | 1190.26 | 18.61 | 0.10 |
| 14 | പ്ലാനിൽപ്പെട്ട ചെലവുകൾ | 39594.39 | 34310.52 | 86.66 | 2.99 |
| 15 | റവന്യൂ കണക്കിലുള്ള പ്ലാനിൽപ്പെട്ട ചെലവുകൾ | 25011.87 | 18620.61 | 74.45 | 1.62 |
| 16 | മൂലധന കണക്കിലുള്ള പ്ലാനിൽപ്പെട്ട ചെലവുകൾ | 14582.52 | 15689.91 | 107.59 | 1.37 |
| 17 | മൊത്തം ചെലവ് (10+14) | 188283.10 | 159506.51 | 84.72 | 13.92 |
| 18 | റവന്യൂ കണക്കുകളിലുള്ള ചെലവ് (11+15) | 167305.52 | 142626.34 | 85.25 | 12.44 |
| 19 | മൂലധന കണക്കുകളിലുള്ള ചെലവ് (13 +16)** | 20977.58 | 16880.17 | 80.47 | 1.47 |
| 20 | റവന്യൂ കമ്മി (18-4) | 31886.85 | 18140.19 | 56.89 | 1.58 |
| 21 | സാമ്പത്തിക കമ്മി 17-(4+5+6) | -51856.38 | -34258.05 | 66.06 | -2.99 |

(*)ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് (₹ 1146109 കോടി) (ത്വരിത എസ്റ്റിമേറ്റ്) സംസ്ഥാന ഗവൺമെന്റിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിറ്റിക്സ്, ഡയറക്ടർ അറിയിച്ച തുക

(#)അറ്റ (വരവുകൾ-ചെലവുകൾ) പൊതുകടം + അറ്റ ആകസ്മിക നിധി + അറ്റ പൊതുകണക്ക് + അറ്റ മുന്നിരിപ്പ് പണവും നീക്കിയിരിപ്പ് പണവും.

(**)മൂലധന കണക്കിലെ ചെലവുകൾ, മൂലധന ചെലവുകളും (₹13584.45 കോടി) വിതരണം ചെയ്ത വായ്പകളും മുൻകൂറുകളും (₹3295.72 കോടി) അടങ്ങിയതാണ്

## 1.6. കമ്മിയും മിച്ചവും എന്തു സൂചിപ്പിക്കുന്നു?

**കമ്മി**

വരവുകളും ചെലവുകളും തമ്മിലുള്ള അന്തരം സൂചിപ്പിക്കുന്നു. കമ്മിയുടെ ഇനം, കമ്മി സംഭവിച്ചത് എങ്ങനെ, ഫണ്ടുകളുടെ പ്രയോഗവും എല്ലാം സാമ്പത്തിക പരിപാലനത്തിലുള്ള ജാഗ്രതയെ സൂചിപ്പിക്കുന്നു.

**റവന്യൂ കമ്മി/മിച്ചം**

റവന്യൂ വരവുകളും റവന്യൂ ചെലവുകളും തമ്മിലുള്ള അന്തരത്തെ സൂചിപ്പിക്കുന്നു.

**ധനകമ്മി/മിച്ചം**

സഞ്ചിത നിധിയിലുള്ള മൊത്തം വരവുകളും (കടമെടുക്കൽ ഒഴിച്ച്) മൊത്തം ചെലവുകളും തമ്മിലുള്ള അന്തരത്തെ സൂചിപ്പിക്കുന്നു. അതിനാൽ, കടമെടുക്കൽ വഴി ചെലവുകൾക്കുള്ള ധനസഹായം എത്രത്തോളമാണെന്ന് ഈ അന്തരം സൂചിപ്പിക്കുന്നു.

റവന്യു വരവിന് മുകളിൽ റവന്യു ചെലവുകളുടെ അധികം സൂചിപ്പിക്കുന്ന സംസ്ഥാനത്തിന്റെ റവന്യു കമ്മി, 2019-2024 കാലയളവിൽ വർഷാന്തര വ്യതിയാനങ്ങൾ പ്രകടമാക്കി. അത്, 2019-20 ലെ ₹14495.25 കോടിയിൽ നിന്നും 2023-24 ൽ ₹18140.19 കോടിയായി വർദ്ധിച്ചു.

ധനകമ്മി, 2019-20 ലെ ₹23837.47 കോടിയിൽ നിന്നും, 2023-24 ൽ ₹34258.05 കോടിയായി വർദ്ധിച്ചു. മുൻവർഷത്തേക്കാൾ നടപ്പുവർഷം ധനകമ്മിയിൽ ₹8703.51 കോടിയുടെ വർദ്ധനവ് ഉണ്ടായത്, പ്രധാനമായും റവന്യു കമ്മിയിലെ വർദ്ധനവിന്റേയും (₹8913.91 കോടി), കടമിതര മൂല ധന വരവുകളിൽ വന്ന കുറവിന്റേയും (₹303.08 കോടി) മൂലധന ചെലവിലുള്ള കുറവിന്റേയും (₹412.11 കോടി) വായ്പകളുടെയും മുൻകൂറുകളുടെയും വിതരണത്തിൽ വന്ന വർദ്ധനവിന്റേയും (₹504.79 കോടി) അന്തിമ ഫലമാണ്.

2022-23 ൽ, റവന്യു കമ്മി, ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ബാദ്ധ്യതകൾ എന്നിവ യഥാക്രമം 0.88 ശതമാനവും, 2.44 ശതമാനവും, 36.80 ശതമാനവും വീതം ആയിരുന്നതിൽ നിന്ന്, 2023-24 ൽ ജിഎസ്ഡിപി യക്ക് ആനുപാതികമായി, റവന്യു കമ്മി 1.58 ശതമാനവും ധനകമ്മി 2.99 ശതമാനവും, സംസ്ഥാനത്തിന്റെ മൊത്തം ബാദ്ധ്യതകൾ 36.23 ശതമാനവും കുറഞ്ഞു

### *1.6.1* 2022 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത (ഭേദഗതി) നിയമം

2022 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത ഭേദഗതി നിയമം, 2021–2022 മുതൽ 2025–2026 കാലയളവിൽ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കുന്നതിനും 2021–2022 മുതൽ 2025–2026 കാലയളവിൽ റവന്യൂ മിച്ചം ജി.എസ്.ഡി.പിയുടെ 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം, എന്ന ക്രമത്തിൽ ആക്കേണ്ടതും, 3.5 ശതമാനത്തിൽ കവിയാതെ ധനക്കമ്മി നിലനിർത്തിക്കൊണ്ട് 2025–26 ൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിനും 2025–26–ൽ 3 ശതമാനമായി കുറയ്ക്കുന്നതിനും സംസ്ഥാനത്തിന്റെ മൊത്ത കടബാദ്ധ്യതകൾ 2023–24, 2024–25, 2025–26 കാലയളവിൽ യഥാക്രമം ജി.എസ്.ഡി.പിയുടെ 33.70 ശതമാനവും, 32.80 ശതമാനം, 32.00 ശതമാനവുമായി കുറക്കുന്നതിനും അനുശാസിക്കുന്നു. ബന്ധപ്പെട്ട നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമുള്ള സാമ്പത്തിക ലക്ഷ്യത്തിന് നേരെ 2023–24 വർഷത്തിലെ നേട്ടങ്ങൾ താഴെപ്പറയും പ്രകാരമാണ്:


| ക്രമ. നം | സാമ്പത്തിക പരിധി | യഥാർത്ഥ കണക്കുകൾ (₹കോടിയിൽ) | ജിഎസ്ഡിപിയുടെ അനുപാതം * | |
|---|---|---|---|---|
| | | | ലക്ഷ്യം | നേട്ടം |
| 1 | റവന്യൂ കമ്മി | 18140.19 | റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും 0.8% റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനും | 1.58 *ശതമാനം* |
| 2 | ധനകമ്മി | 34258.05 | 4 *ശതമാനം* ** | 2.92 *ശതമാനം* |
| 3 | കടങ്ങളും മറ്റ് ബാധ്യതകളും | 415221.15 | 33.70 *ശതമാനം* | 36.23 *ശതമാനം* |

* സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അറിയിച്ചതനുസരിച്ച് ജിഎസ്ഡിപി ₹ 1146109 കോടി രൂപയായിരുന്നു.

** മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2022–2023 മുതൽ 2025–2026 വരെയുള്ള കാലയളവിൽ ഊർജ്ജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് ധനക്കമ്മിയുടെ ഉയർന്ന പരിധി.


2023–24 ലെ റവന്യൂ കമ്മിയുടെയും ധനകമ്മിയുടെയും കടങ്ങളും മറ്റു ബാദ്ധ്യതകളുടേയും ശതമാനം കൂടുകയും 2023–24 കാലയളവിലെ ധനകമ്മിയുടെ ശതമാനം 2022–ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം അനുശാസിക്കുന്ന ലക്ഷ്യങ്ങളേക്കാൾ കുറയുകയും ചെയ്തു.

### 1.6.2 റവന്യൂ കമ്മിയുടെ പ്രവണത




### 1.6.3 *ധന കമ്മിയുടെ പ്രവണത*

2023–24 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ, ₹51856.38 കോടിയുടെ (ജിഎസ്ഡിപി യുടെ 4.52 ശതമാനം) ധനകമ്മി കാണിച്ചെങ്കിലും, യഥാർത്ഥ ധനകമ്മി ₹34258.05 കോടി (ജിഎസ്ഡിപി യുടെ 2.99 ശതമാനം) ആയിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ സ്ഥിതി താഴെ ചേർക്കും പ്രകാരമാണ്:




## *1.6.4 മൂലധന ചെലവുകളിൽ ചെലവഴിച്ച കടമെടുത്ത ഫണ്ടിന്റെ അനുപാതം*

മൂലധന ചെലവുകൾ സാധാരണയായി കടമെടുത്ത ഫണ്ടുകളിൽ നിന്നും വഹിക്കാറുണ്ട്. മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടി കടമെടുത്ത ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കുന്നത് അഭികാമ്യമാണ്. കഴിഞ്ഞ അഞ്ചു വർഷകാലയളവിലെ, പൊതുകടത്തിന്റെ കീഴിലുള്ള മൊത്തം വരവുകളും, മൂലധന ചെലവുകളും, മൂലധന ചെലവും പൊതുകടവും (വരവുകൾ) തമ്മിലുള്ള ശതമാന കണക്കും താഴെ കൊടുത്തിരിക്കുന്നു:

(₹കോടിയിൽ)

| വർഷം | പൊതുകടം (വരവ്) | മൂലധന ചെലവ് | മൂലധന ചെലവും പൊതുകടവും (വരവ്) തമ്മിലുള്ള ശതമാന കണക്ക് |
|---|---|---|---|
| 2019-20 | 60407.05 | 8454.80 | 14.00 |
| 2020-21 | 69735.36 | 12889.65 | 18.48 |
| 2021-22 | 64932.14 | 14191.73 | 21.86 |
| 2022-23 | 54007.17 | 13996.56 | 25.92 |
| 2023-24 | 104354.86 | 13584.45 | 13.02 |



# അദ്ധ്യായം II

## വരവുകൾ


## 2.1 ആമുഖം

ഗവൺമെന്റിന്റെ വരവുകൾ റവന്യൂ വരവുകളും മൂലധന വരവുകളുമായി തരം തിരിച്ചിരിക്കുന്നു. 2023–24 ലെ മൊത്തം വരവുകൾ ₹159506.51 കോടി ആയിരുന്നു. (റവന്യൂ വരവുകൾ ₹124486.15 കോടിയും മൂലധന വരവുകൾ ₹35020.36 കോടിയും). റവന്യൂ വരവുകളിൽ, നികുതി വരവുകളും (₹96071.93 കോടി), നികുതിയേതര വരവുകളും (₹16345.96 കോടി) ഗ്രാന്റ്സ്–ഇൻ–എയ്ഡും അംശദാനങ്ങളും (₹12068.26 കോടി) അടങ്ങിയിരിക്കുന്നു.

## 2.2 റവന്യൂ വരവുകൾ

| | |
|---|---|
| നികുതി വരവുകൾ | സംസ്ഥാനം സമാഹരിച്ചതും കൈവശം വച്ചതുമായ നികുതികളും, ഭരണഘടനയുടെ അനുച്ഛേദം 280(3) പ്രകാരം, കേന്ദ്രനികുതികളുടെ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു |
| നികുതിയേതര വരവുകൾ | പലിശ വരവുകൾ, ലാഭ വിഹിതം, ലാഭം മുതലായവ. |
| ഗ്രാന്റ്സ് ഇൻ–എയ്ഡ് | സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായത്തിന്റെ ഒരു രീതി. ഇതിൽ, 'വിദേശ ഗവൺമെന്റിൽ നിന്നും ലഭിച്ചതും കേന്ദ്രഗവൺമെന്റ് വഴി വന്നതുമായ ബാഹ്യസഹായ ധനവും, സഹായങ്ങൾ, സാധനങ്ങൾ, ഉപകരണങ്ങൾ' എന്നിവ ഉൾപ്പെടുന്നു |

റവന്യൂ വരവുകൾ




## 2.3 റവന്യൂ വരവുകളുടെ ഘടകങ്ങൾ (2023-24)

മൊത്തം റവന്യൂ വരവുകളിലുള്ള, വിവിധ നികുതികളുടെയും, നികുതിയേതര വരവുകളുടേയും, ഗ്രാന്റ്സ്-ഇൻ-എയ്ഡുകളുടേയും അംശദാനങ്ങളുടെയും, വിഹിതം താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| ഘടകങ്ങൾ | യഥാർത്ഥ കണക്ക് |
|---|---|
| **എ. നികുതി വരവിനങ്ങൾ** | **96071.93** |
| ചരക്ക് സേവന നികുതികൾ | **37162.25** |
| വരവ് ചെലവിന്മേലുള്ള നികുതികൾ | **14063.48** |
| വസ്തുവകകളും, മൂലധനവും, മറ്റു ഇടപാടുകളിലുമുള്ള നികുതികൾ | **6642.68** |
| ചരക്കുസേവന നികുതി ഒഴികെ ക്രയവസ്തുക്കളിലും സേവനങ്ങളിലും ഉള്ള നികുതികൾ | **38203.52** |
| **ബി. നികുതിയേതര വരവിനങ്ങൾ** | **16345.96** |
| പലിശ വരവുകൾ, ലാഭവും ലാഭവിഹിതവും | **418.03** |
| പൊതുസർവ്വീസുകൾ | **13901.74** |
| സാമൂഹ്യ സർവ്വീസുകൾ | **593.11** |
| സാമ്പത്തിക സർവ്വീസുകൾ | **1433.08** |
| **സി. ഗ്രാന്റ്സ്-ഇൻ-എയ്ഡും അംശദാനങ്ങളും** | **12068.26** |
| **മൊത്തം- റവന്യൂ വരവുകൾ** | **124486.15** |

## 2.4 വരവുകളുടെ പ്രവണത

റവന്യൂ വരവുകളുടെ പ്രവണതയും, ജി എസ് ഡി പി യുമായുള്ള അതിന്റെ ശതമാനവും താഴെ അവതരിപ്പിക്കുന്നു:


(₹കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-2021 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| നികുതി വരവുകൾ | 66724.19 | 59221.24 | 76160.61 | 90228.84 | **96071.93** |
| | (8.21) | (7.67) | (8.24) | (8.81) | (8.38) |
| നികുതിയേതര വരവുകൾ | 12265.22 | 7327.31 | 10462.51 | 15117.95 | 16345.96 |
| | (1.51) | (0.95) | (1.13) | (1.48) | (1.43) |
| ഗ്രാന്റ്സ്–ഇൻ–എയ്ഡ് | 11235.26 | 31068.28 | 30017.12 | 27377.86 | 12068.26 |
| | (1.38) | (4.03) | (3.25) | (2.67) | (1.05) |
| മൊത്തം റവന്യൂ വരവുകൾ | 90224.67 | 97616.83 | 116640.24 | 132724.65 | 124486.15 |
| | (11.10) | (12.65) | (12.62) | (12.97) | (10.86) |
| ജി.എസ്.ഡി.പി (*) | **812935** | **771724** | **924465** | **1023602** | **1146109** |

കുറിപ്പുകൾ: (*)സംസ്ഥാന ഗവൺമെന്റിന്റെ ഇക്ക്ണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അറിയിച്ച ജി എസ് ഡി പി തുകകൾ. 2022–23 ലേക്കുള്ള തുകകൾ താൽക്കാലിക എസ്റ്റിമേറ്റ് ആണ്. 2023–24 ലുള്ളത് ത്വരിത എസ്റ്റിമേറ്റു മാണ്. ആവരണ ചിഹ്നത്തിലുള്ള തുകകൾ ജി എസ് ഡി പി യിലുള്ള ശതമാനത്തേയും സൂചിപ്പിക്കുന്നു.

2022–23 നും 2023–24 നും ഇടയിൽ, ജി എസ് ഡി പി 11.97 ശതമാനം വർദ്ധിച്ചപ്പോൾ, റവന്യൂ വരവുകൾ 6.21 ശതമാനം കുറഞ്ഞു. 2023–24 കാലയളവിലെ ₹96071.93 കോടിയുടെ നികുതി വരവുകളും, ₹16345.95 കോടിയുടെ നികുതിയേതര വരവുകളും യഥാക്രമം ജി എസ് ഡി പി യുടെ 8.38 ശതമാനവും 1.43 ശതമാനവും ആണ്. നികുതി വരവുകളുടെ സിംഹഭാഗവും വില്പന, വ്യാപാരം മുതലായവയുടെ നികുതിയിൽ നിന്നും സമാഹരിച്ചതാണ്, അതായത്, ₹27690.43 കോടിയും സംസ്ഥാന ചരക്കുസേവന നികുതി ₹30563.60 കോടിയും ആയത്, യഥാക്രമം ജി എസ് ഡി പിയുടെ 2.42 ശതമാനത്തെയും 2.67 ശതമാനത്തേയും പ്രതിനിധീകരിക്കുന്നു. നികുതി വരവുകളിലുള്ള ₹96071.93 കോടിയിൽ, സംസ്ഥാനത്തിന്റെ തനത് നികുതികളും കേന്ദ്ര നികുതി തീരുവയുടെ ഓഹരിയും യഥാക്രമം ₹74329.01 കോടിയും ₹21742.92 കോടിയും ആണ്.

ജിഎസ്ഡിപിയുമായി ബന്ധപ്പെട്ട റവന്യൂ വരവുകളുടെ പ്രവണത താഴെ അവതരിപ്പിക്കുന്നു:




## 2.5 റവന്യൂ നികുതി

### 2.5.1 മേഖല തിരിച്ചുള്ള നികുതി വരവുകൾ

2019–20 മുതൽ 2023–24 വരെയുള്ള കാലയളവിലെ നികുതി വരവുകളുടെ മേഖല തിരിച്ചുള്ള ഘടന താഴെ കൊടുത്തിരിക്കുന്നു:

(₹കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ചരക്ക് സേവന നികുതി | 25101.14 | 23353.94 | 29002.48 | 34678.67 | 37162.25 |
| വരവ് ചെലവുകളിന്മേലുള്ള നികുതികൾ | 9974.66 | 7189.22 | 10343.47 | 12092.91 | 14063.48 |
| വസ്തുവകകളും മൂലധനവും, മറ്റു ഇടപാടുകളിലുമുള്ള നികുതികൾ | 4142.31 | 4121.22 | 5488.98 | 7175.70 | 6642.68 |
| ചരക്കുസേവന നികുതി ഒഴികെ ക്രയവിക്രയ വസ്തുക്കളിലും സേവനങ്ങളിലുമുള്ള നികുതികൾ | 27506.08 | 24556.86 | 31325.68 | 36281.56 | 38203.52 |
| **മൊത്തം നികുതി വരവുകൾ** | **66724.19** | **59221.24** | **76160.61** | **90228.84** | **96071.93** |




## 2.6 സംസ്ഥാനത്തിന്റെ തനത് നികുതി വരവുകളുടെ സമാഹരണത്തിന്റെ നിർവ്വഹണം

2019–20 മുതൽ 2023–24 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരവുകളുടെയും ജി എസ് ഡി പി യിലുള്ള അതിന്റെ ശതമാനത്തിന്റെയും ഒരു വിശകലനം താഴെ ചേർക്കുന്നു:

(₹ കോടിയിൽ)


| വർഷം | നികുതി വരവ് | കേന്ദ്രനികുതിയുടെ സംസ്ഥാന വിഹിതം | സംസ്ഥാനത്തിന്റെ തനത് നികുതി വരവുകൾ | |
|---|---|---|---|---|
| | | | തുക | ജിഎസ്ഡിപിയിലുള്ള ശതമാനം |
| 2019-20 | 66724.19 | 16401.05 | 50323.14 | 6.19 |
| 2020-21 | 59221.24 | 11560.40 | 47660.84 | 6.18 |
| 2021-22 | 76160.61 | 17820.09 | 58340.52 | 6.31 |
| 2022-23 | 90228.84 | 18260.68 | 71968.16 | 7.03 |
| 2023-24 | 96071.93 | 21742.92 | 74329.01 | 6.48 |

2023–24 –ൽ സമാഹരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരവുകൾ, 2022–23 വർഷത്തേക്കാൾ ₹2360.85 കോടി കൂടുതലും, 2024–25 മുതൽ 2026–2027 ലെ മിതകാല സാമ്പത്തിക

പദ്ധതിയിൽ കാണിച്ചിട്ടുള്ള 2023–24 വർഷത്തേക്കുള്ള (₹77038.25 കോടി) ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ ₹2709.24 കോടി കുറവാണ്.

## സംസ്ഥാനത്തിന്റെ തനത് നികുതി വരവുകൾ

(₹ കോടിയിൽ)




താഴെ പട്ടികയിൽ അഞ്ച് വർഷത്തിനു മുകളിൽ രണ്ട് ഉറവിടത്തിൽ നിന്നും ലഭിച്ച നികുതി വരുമാനത്തുകയുടെ താരതമ്യസ്ഥിതി ചിത്രീകരിക്കുന്നു:

(₹ കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി സമാഹരണം | 50323.14 | 47660.84 | 58340.52 | 71968.16 | 74329.01 |
| കേന്ദ്ര നികുതികളുടെ വിഭജനം | 16401.05 | 11560.40 | 17820.09 | 18260.68 | 21742.92 |
| മൊത്തം നികുതി വരുമാനം | 66724.19 | 59221.24 | 76160.61 | 90228.84 | 96071.93 |
| മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതിയുടെ ശതമാനം | 75.42 | 80.48 | 76.60 | 79.76 | 77.37 |

## 2.7 നികുതി സമാഹരണത്തിലെ കാര്യക്ഷമത

2019–20 മുതൽ 2023–24 വരെയുള്ള കാലയളവിലെ പ്രധാനപ്പെട്ട മേഖലകളുടെ കീഴിലുള്ള നികുതി സമാഹരണവും സമാഹരണ ചെലവുകളും താഴെ ചേർക്കുന്നു.

*എ. വസ്തുവകകളിലും മൂലധനവും മറ്റു ഇടപാടുകളിലുമുള്ള നികുതികൾ*

(₹ കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| റവന്യൂ സമാഹരണം | 4142.31 | 4121.22 | 5488.98 | 7175.70 | 6642.68 |
| സമാഹരണത്തിനുള്ള ചെലവ് | 872.09 | 818.68 | 1221.85 | 1061.76 | 1081.22 |
| സമാഹരണ ചെലവിന് നികുതി സമാഹരണത്തിലുള്ള ശതമാനം | 21.05 | 19.86 | 22.26 | 14.80 | 16.28 |

*ബി. ചരക്ക് സേവനനികുതികൾ ഒഴികെ ക്രയവസ്തുക്കളിലും സേവനങ്ങളിലുമുള്ള നികുതികൾ*

(₹കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| റവന്യൂ സമാഹരണം | 27506.08 | 24556.86 | 31325.68 | 36281.56 | 38203.52 |
| സമാഹരണത്തിനുള്ള ചെലവ് | 765.33 | 731.84 | 679.76 | 911.56 | 968.51 |
| റവന്യൂ സമാഹരണ ചെലവിന്മേൽ നികുതി സമാഹരണത്തിനുള്ള ശതമാനം | 2.78 | 2.98 | 2.17 | 2.51 | 2.54 |

## 2.8 കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ കേന്ദ്ര നികുതികളിലുള്ള സംസ്ഥാനവിഹിതത്തിന്റെ പ്രവണത


മൊത്തം റവന്യൂ വരവുകളിലുള്ള വിവിധ നികുതികളുടെ വിഹിതം താഴെ ചേർത്തിരിക്കുന്നു:

(₹കോടിയിൽ)


| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| സെൻട്രൽ ഗുഡ്സ് ആന്റ് സർവീസ് ടാക്സ് | 4654.19 | 3325.63 | 4832.67 | 5165.39 | 6598.65 |
| കോർപ്പറേഷൻ നികുതി | 5592.06 | 3546.02 | 5238.12 | 6109.21 | 6526.25 |
| കോർപ്പറേഷൻ നികുതികൾ ഒഴിച്ചുള്ള ആദായ നികുതികൾ | 4381.76 | 3642.70 | 5104.81 | 5983.30 | 7537.02 |
| സമ്പത്ത് നികുതി | 0.25 | 0 | 1.48 | 0 | 0 |
| ചുങ്കം | 1039.60 | 591.59 | 1431.33 | 718.62 | 761.95 |
| കേന്ദ്ര എക്സൈസ് തീരുവകൾ | 722.80 | 380.78 | 898.09 | 225.48 | 288.31 |
| സേവന നികുതി | 0.00 | 62.54 | 294.96 | 28.59 | 4.07 |
| മറ്റുള്ളവ | 10.39 | 11.14 | 18.63 | 30.09 | 26.67 |
| മൊത്തം കേന്ദ്ര നികുതികളിലുള്ള സംസ്ഥാന വിഹിതം | **16401.05** | **11560.40** | **17820.09** | **18260.68** | **21742.92** |
| മൊത്തം നികുതി വരവിനങ്ങൾ | **66724.19** | **59221.24** | **76160.61** | **90228.84** | **96071.93** |
| മൊത്തം നികുതി വരവിൻമേലുള്ള കേന്ദ്ര നികുതിയുടെ സംസ്ഥാന വിഹിതത്തിന്റെ ശതമാനം | **24.58** | **19.52** | **23.40** | **20.24** | **22.63** |

## 2.9 ഗ്രാന്റ്സ്-ഇൻ-എയിഡ്

ഗ്രാന്റ്സ്-ഇൻ എയ്ഡ് ഇന്ത്യ ഗവൺമെന്റിൽ നിന്നുള്ള സഹായങ്ങളെ പ്രതിനിധാനം ചെയ്യുകയും, നീതി ആയോഗ് അംഗീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടിയുള്ള ഗ്രാന്റുകളും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഗ്രാന്റുകളും മറ്റു ഗ്രാന്റുകളും ഉൾപ്പെടുകയും ചെയ്യുന്നു. 2023-24 വർഷക്കാലയളവിൽ ഗ്രാന്റ്സ്-ഇൻ-എയ്ഡിനു കീഴിലുള്ള മൊത്തം വരവുകൾ താഴെ ചേർത്തിരിക്കുന്ന പ്രകാരം ₹12068.26 കോടിയാണ്:-




**2.9.1 2019–20 മുതൽ 2023–24 വരെ ലഭിച്ച ഗ്രാന്റ്സ് ഇൻ എയ്ഡിന്റെ പ്രവണത താഴെ ചേർക്കുന്നു:**




## 2.10 പൊതുകടം

പൊതുകടം എന്ന വിഭാഗം 'ആഭ്യന്തരകടം', ''കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകൾ'' എന്നിവയും അവയ്ക്ക് ഗവൺമെന്റ് നടത്തിയ തിരിച്ചടവുകളും അടങ്ങിയതാണ്.


### 2.10.1 കഴിഞ്ഞ അഞ്ചു വർഷങ്ങളിലുള്ള പൊതുകടത്തിന്റെ പ്രവണത

കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ പൊതുകട വരവുകളുടെയും തിരിച്ചടവുകളുടെയും പ്രവണത:

(₹കോടിയിൽ)

| വർഷം | ആഭ്യന്തര കടം | | കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | | മൊത്തം പൊതു കടം (അറ്റ) കണക്ക് |
|---|---|---|---|---|---|
| | വരവുകൾ | തിരിച്ചടവുകൾ | വരവുകൾ | തിരിച്ചടവുകൾ | |
| 2019-20 | 58256.36 | 43287.37 | 2150.69 | 713.91 | 16405.77 |
| 2020-21 | 62716.62 | 38202.56 | 7018.74 | 725.29 | 30807.51 |
| 2021-22 | 55467.12 | 35149.61 | 9465.02 | 750.38 | 29032.15 |
| 2022-23 | 51482.74 | 35137.27 | 2524.43 | 843.49 | 18026.41 |
| 2023-24 | 103453.94 | 73433.09 | 900.92 | 932.75 | 29989.02 |

(₹കോടിയിൽ)



## *അദ്ധ്യായം III*

## ചെലവുകൾ

### 3.1 ആമുഖം

ചെലവുകളെ റവന്യൂ ചെലവുകൾ എന്നും മൂലധന ചെലവുകൾ എന്നും തരം തിരിക്കുന്നു. അതിനെ വീണ്ടും പ്ലാനിൽ പെട്ടതും, പ്ലാനിൽ പെടാത്തതും എന്നിങ്ങനെ തരംതിരിക്കുന്നു. റവന്യൂ ചെലവുകൾ, ഗവൺമെന്റിന്റെ ദൈനംദിന നടത്തിപ്പിനുള്ള ചെലവുകൾ നേരിടുന്നതിനു വേണ്ടി യാണ്. മൂലധന ചെലവുകൾ, സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും, അങ്ങനെയുള്ള ആസ്തി കളുടെ ഉപയോഗ യോഗ്യത വർദ്ധിപ്പിക്കുന്നതിനും, അല്ലെങ്കിൽ സ്ഥിരബാദ്ധ്യതകൾ കുറയ്ക്കുന്ന തിനും ഉപയോഗിക്കുന്നു.

ഗവൺമെന്റ് കണക്കുകളിൽ, ചെലവുകളെ മൂന്നു മേഖലകളായി തരംതിരിച്ചിരിക്കുന്നു: പൊതു സർവ്വീസുകളും സാമൂഹ്യ സർവ്വീസുകളും, സാമ്പത്തിക സർവ്വീസുകളും, ഈ മേഖല കൾക്കു കീഴിൽ വരുന്ന പ്രധാനപ്പെട്ട തലങ്ങൾ താഴെ പട്ടികയിൽ പരാമർശിച്ചിരുന്നു:

| | |
|---|---|
| പൊതുസർവ്വീസുകൾ | നീതിന്യായ നിർവ്വഹണം, പോലീസ്, ജയിൽ, പൊതുമരാമത്ത്, പെൻഷൻ മുതലായവ ഉൾപ്പെടുന്നു. |
| സാമൂഹ്യ സർവ്വീസുകൾ | വിദ്യാഭ്യാസം, ആരോഗ്യം & കുടുംബക്ഷേമം, ശുദ്ധജല വിതരണം, പട്ടികജാതി–പട്ടിക വർഗ്ഗക്ഷേമം മുതലായവ ഉൾപ്പെടുന്നു. |
| സാമ്പത്തിക സർവ്വീസുകൾ | കൃഷി, ഗ്രാമീണ വികസനം, ജലസേചനം, സഹകരണം, ഊർജ്ജം, വ്യവസായങ്ങൾ, ഗതാഗതം മുതലായവ ഉൾപ്പെടുന്നു. |

## 3.2 റവന്യൂ ചെലവുകൾ

2023–24 ലെ റവന്യു ചെലവുകൾ ആയ ₹142626.34 കോടി (പ്ലാനിൽപ്പെടാത്ത ചെലവുകളുടെ ₹124005.73 കോടിയും പ്ലാനിൽപ്പെട്ട ചെലവുകളുടെ ₹18620.61 കോടിയും ചേർന്നത്) ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ ₹24679.18 കോടി (പ്ലാനിൽ പെടാത്തതിന്റെ കീഴിൽ ₹18287.92 കോടിയും പ്ലാനിൽപ്പെട്ടതിന്റെ കീഴിൽ ₹6391.26 കോടിയും) കുറവായിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിൽ റവന്യു വിഭാഗത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ ചെലവ് കുറവു വന്നത് താഴെ ചേർക്കുന്നു.

( ₹ കോടിയിൽ)

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ | 131087.24 | 145222.93 | 162400.05 | 168521.82 | 167305.52 |
| യഥാർത്ഥ കണക്കുകൾ | 104719.92 | 123446.33 | 146179.51 | 141950.93 | 142626.34 |
| കുറവ് | 26367.32 | 21776.60 | 16220.54 | 26570.89 | 24679.18 |
| ബഡ്ജറ്റ് എസ്റ്റിമേറ്റിനു മുകളിൽ ഉള്ള കുറവിന്റെ ശതമാനം | 20.11 | 15.00 | 9.99 | 15.77 | 14.75 |

ബാധ്യതപ്പെട്ട ചെലവുകളിന്മേൽ, അതായത് സംസ്ഥാന സർക്കാരിന്റെ ഏറ്റെടുക്കപ്പെട്ട ബാധ്യതകൾ ആയ ശമ്പളവും വേതനവും (₹40097.69 കോടി) പലിശ കൊടുക്കൽ, (₹27106.22) പെൻഷൻ നൽകൽ, (₹25644.24) എന്നിവ മൊത്തം റവന്യൂ ചെലവുകളുടെ 65.10 ശതമാനത്തോളം ചെലവ് വരുത്തി.

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിലെ ഏറ്റെടുത്തതും ഏറ്റെടുക്കാത്തതുമായ ബാധ്യതകളുടെ സ്ഥിതി താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| ഘടകം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| മൊത്തം റവന്യൂ ചെലവ് | 104719.92 | 123446.33 | 146179.51 | 141950.93 | 142626.34 |
| ഏറ്റെടുക്കപ്പെട്ട റവന്യൂ ചെലവുകൾ | 72649.90 | 75233.15 | 95981.59 | 90656.05 | 92848.15 |
| റവന്യൂ ചെലവുകളിന്മേൽ ഏറ്റെടുക്കപ്പെട്ട ചെലവുകളുടെ ശതമാനം | 69.38 | 60.94 | 65.66 | 63.86 | 65.10 |
| ഏറ്റെടുക്കപ്പെടാത്ത റവന്യൂ ചെലവുകൾ | 32070.02 | 48213.18 | 50197.92 | 51294.88 | 49778.19 |

2023-24 വർഷക്കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏറ്റെടുക്കാത്ത റവന്യൂ ചെലവുകൾ കുറഞ്ഞതായി കാണാം. 2019-20 ൽ മൊത്തം റവന്യൂ ചെലവുകൾ 36.20 ശതമാനം വർദ്ധിച്ച് 2019-20-ലെ ₹104719.92 കോടിയിൽ നിന്ന് 2023-24 ൽ ₹142626.34 കോടി ആകുകയും ചെയ്തു.


### 3.2.1 മേഖല അടിസ്ഥാനത്തിൽ തരംതിരിച്ചുള്ള റവന്യൂ ചെലവുകൾ

ചെലവുകളുടെ മേഖലാ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും, മൊത്തം റവന്യൂ ചെലവിലുള്ള അതിന്റെ ശതമാനവും താഴെ ചേർക്കുന്നു:


(₹കോടിയിൽ)

| | ഘടകങ്ങൾ | തുക | മൊത്തം റവന്യൂ ചെലവുമായുള്ള ശതമാനം |
|---|---|---|---|
| **A** | പൊതു സർവ്വീസുകൾ | **78185.16** | **54.82** |
| **a** | സംസ്ഥാനത്തിന്റെ ഘടകങ്ങൾ | **1483.36** | **1.04** |
| **b** | നികുതി സംബന്ധമായ സർവ്വീസുകൾ | **2294.80** | **1.61** |
| i) | വരവ് ചെലവുകളിന്മേലുള്ള നികുതി പിരിവ് | 0.00* | 0.00 |
| ii) | വസ്തുവകകളും മൂലധനവും സംബന്ധിച്ച ഇടപാടുകളിന്മേലുള്ള നികുതി പിരിവ് | 1081.22 | 0.76 |
| iii) | ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിക്കുന്ന നികുതി പിരിവ് (ചരക്ക് സേവന നികുതി ഒഴികെ) | 968.51 | 0.68 |
| iv) | നികുതി സംബന്ധമായ മറ്റു സർവ്വീസുകൾ | 245.07 | 0.17 |
| **c** | പലിശ അടയ്ക്കലും ഋണനിവാരണവും | **27106.22** | **19.01** |
| **d** | ഭരണപരമായ സർവ്വീസുകൾ | **6914.85** | **4.85** |
| **e** | പെൻഷനും പലവക പൊതു സർവ്വീസുകളും | **40385.93** | **28.32** |
| **B** | സാമൂഹ്യ സർവ്വീസുകൾ | **44005.28** | **30.85** |
| **C** | സാമ്പത്തിക സർവ്വീസുകൾ | **11414.83** | **8.00** |
| **D** | ഗ്രാന്റ്സ്-ഇൻ-എയ്ഡും അംശദാനങ്ങളും | **9021.07** | **6.33** |
| | മൊത്തം ചെലവുകൾ (റവന്യൂ കണക്കുകൾ) | **142626.34** | **100.00** |

* തുക നിസ്സാരം


₹ കോടിയിൽ
സംസ്ഥാനത്തിന്റെ ഘടകങ്ങൾ
1483.36
വസ്തുവകകളും മൂലധനവും സംബന്ധിച്ച ഇടപാടുകളിന്മേലുള്ള നികുതി പിരിവ്
1081.22
വരവ് ചെലവുകളിന്മേലുള്ള നികുതി പിരിവ്
0.0001
നികുതി സംബന്ധമായ സർവ്വീസുകൾ
2294.80
ക്രിയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന നികുതി പിരിവ് (ചരക്ക് സേവന നികുതി ഒഴികെ)
968.51
നികുതി സംബന്ധമായ മറ്റ് സർവ്വീസുകൾ
245.07
പലിശ അടയ്ക്കലും ഋണനിവാരണവും
27106.22
ഭരണപരമായ സർവ്വീസുകൾ
6914.85
പെൻഷനും പലവക പൊതു സർവ്വീസുകൾ
40385.93
സാമൂഹ്യ സർവ്വീസുകൾ
44005.28
സാമ്പത്തിക സർവ്വീസുകൾ
11414.83
ഗ്രാന്റ്സ് - ഇൻ - എയ്ഡും അംശദാനങ്ങളും
9021.07

### *3.2.2 റവന്യൂ ചെലവിന്റെ പ്രധാന ഘടകങ്ങളുടെ പ്രവർത്തനങ്ങൾ (2019-2023)*




കുറിപ്പ്: പൊതുസേവനങ്ങളിൽ എംഎച്ച് 2049 (പലിശ കൊടുക്കൽ) ഉൾപ്പെടുന്നില്ല.

## 3.3 മൂലധന ചെലവ്

2023–24 ലെ മൂലധന ചെലവുകൾ ആയ ₹16880.17 കോടി (പ്ലാനിൽ പെടാത്ത ചെലവായ ₹1190.26 കോടിയും, പ്ലാനിൽപ്പെട്ട ചെലവായ ₹15689.91 കോടിയും) ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ ₹4097.41 കോടി കുറഞ്ഞത്, പ്ലാനിൽപെടാത്ത ചെലവുകളും (₹5204.80 കോടി) കുറഞ്ഞതും പ്ലാനിൽ പെട്ട ചെലവുകൾ (₹1107.39) കോടി കുറഞ്ഞതും കാരണമാണ്.

2018–19 മുതലുള്ള മൂലധനചെലവുകളുടേയും ജിഎസ്ഡിപിയുടേയും വളർച്ച താഴെ പട്ടികയിൽ കാണാം:

(₹ കോടിയിൽ)


| ക്രമ നം. | ഘടകങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|
| 1 | ബഡ്ജറ്റ് (ബി.ഇ.) | 18816.79 | 17643.28 | 20822.34 | 22451.53 | 20977.58 |
| 2 | യഥാർത്ഥ ചെലവ് | 9665.02 | 15438.16 | 17046.02 | 16787.49 | 16880.17 |
| 3 | ബി.ഇ.യിൽ യഥാർത്ഥ ചെലവുകളുടെ ശതമാനം | 51.36 | 87.50 | 81.86 | 74.77 | 80.47 |
| 4 | മൂലധന ചെലവിലുള്ള വാർഷിക വളർച്ച | (-)0.91% | 59.73% | 10.41% | (-)1.52% | 0.55% |
| 5 | ജി.എസ്.ഡി.പി. | 812935 | 771724 | 924465 | 1023602 | 1146109 |
| 6 | ജിഎസ്ഡിപിയിൽ ഉള്ള വാർഷിക വളർച്ച | 3.13% | (-)5.07% | 19.79 | 10.72 | 11.97 |

### 3.3.1 *മേഖല തരംതിരിച്ചുള്ള മൂലധന ചെലവുകൾ*

2023–24 ലെ മൂലധന ചെലവുകളുടെ മേഖല അടിസ്ഥാനത്തിലുള്ള തരം തിരിക്കലും മൊത്തം മൂലധന ചെലവിലുള്ള അതിന്റെ ശതമാനവും താഴെ ചേർക്കുന്നു:

(₹ കോടിയിൽ)

| ക്രമ നം. | മേഖലകൾ | തുക | മൂലധന ചെലവിന്റെ ശതമാനം |
|---|---|---|---|
| 1 | പൊതുസർവ്വീസുകൾ | 247.26 | 1.46 |
| 2 | സാമൂഹ്യപരമായ സർവ്വീസുകൾ | 2945.57 | 17.45 |
| 3 | സാമ്പത്തിക സർവ്വീസുകൾ | 10391.62 | 61.57 |
| 4 | വായ്പകളും മുൻകൂറുകളും | 3295.72 | 19.52 |
| | **മൊത്തം** | **16880.17** | **100.00** |



### 3.3.2 കഴിഞ്ഞ അഞ്ചുവർഷ കാലയളവിലെ മൂലധന ചെലവുകളുടേയും, റവന്യൂ ചെലവുകളുടേയും മേഖലാടിസ്ഥാനത്തിലുള്ള തരംതിരിക്കൽ

*കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ മൂലധന-റവന്യൂ ചെലവുകളുടെ മേഖലാടിസ്ഥാനത്തിലുള്ള സാപേക്ഷിക തരംതിരിക്കൽ താഴെ കൊടുക്കുന്നു:*

(₹ കോടിയിൽ)


| ക്രമ നം. | സെക്ടറുകൾ | | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|
| 1 | പൊതുസർവ്വീസുകൾ | മൂലധനം | 157.42 | 259.84 | 268.26 | 306.89 | 247.26 |
| | | റവന്യൂ | 55504.03 | 50360.72 | 70110.00 | 69831.68 | 78185.16 |
| 2 | സാമൂഹ്യ സർവ്വീസുകൾ | മൂലധനം | 1090.64 | 2277.90 | 3342.63 | 3030.08 | 2945.57 |
| | | റവന്യൂ | 34044.77 | 44832.44 | 50695.61 | 50275.91 | 44005.28 |
| 3 | സാമ്പത്തിക സർവ്വീസുകൾ | മൂലധനം | 7206.74 | 10351.91 | 10580.84 | 10659.59 | 10391.62 |
| | | റവന്യൂ | 9107.25 | 18760.72 | 15713.81 | 12280.82 | 11414.83 |
| 4 | ഗ്രാന്റ്സ്-ഇൻ-എയ്ഡുകളും അംശദാനങ്ങളും | മൂലധനം | | | | | |
| | | റവന്യൂ | 6063.87 | 9492.45 | 9660.09 | 9562.52 | 9021.07 |

*അദ്ധ്യായം IV*

# പ്ലാനിൽപെട്ടതും പ്ലാനിൽപെടാത്തതുമായ ചെലവുകൾ

## 4.1 ചെലവുകളുടെ തരംതിരിക്കൽ


പ്ലാനിൽപെട്ടതും പ്ലാനിൽ പെടാത്തതുമായ ചെലവുകളുടെ തരംതിരിക്കലിനെ താഴെ കാണിക്കുന്നു:




പ്ലാനിൽപെട്ട ചെലവുകൾ　　　　പ്ലാനിൽ പെടാത്ത ചെലവുകൾ

## 4.2 പ്ലാനിൽപെട്ട ചെലവുകൾ

2023–24 ലെ പ്ലാനിൽപെട്ട ചെലവുകൾ (₹34310.52 കോടി) റവന്യുവിന്റെ കീഴിലുള്ള ₹18620.61 കോടിയും, മൂലധനത്തിന്റെ കീഴിലുള്ള ₹15689.91 കോടിയും അടങ്ങുന്നതാണ്. ഇത് മൊത്തം ചെലവായ ₹159506.51 കോടിയുടെ 21.51 ശതമാനത്തെ പ്രതിനിധീകരിക്കുകയും, സംസ്ഥാന പ്ലാനിന്റെ കീഴിലുള്ള ₹30397.81 കോടിയും, കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പ്ലാൻ പദ്ധതിയുടെ കീഴിലുള്ള ₹3912.70 കോടിയും ഉൾപ്പെടുകയും ചെയ്യുന്നു.




### *4.2.1 മൂലധന കണക്കുകളുടെ കീഴിലുള്ള പ്ലാനിൽപ്പെട്ട ചെലവുകൾ*

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ മൂലധനകണക്കുകളുടെ കീഴിലുള്ള പ്ലാനിൽപെട്ട ചെലവുകൾ

**(₹ കോടിയിൽ)**

| വിവരണങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| മൊത്തം മൂലധന ചെലവുകൾ | 9665.02 | 15438.16 | 17046.02 | 16787.49 | 16880.17 |
| മൂലധന ചെലവുകൾ (പ്ലാൻ) (വായ്പകളും മുൻകൂറുകളും ഉൾപ്പെടുന്നു) | 9146.54 | 14350.49 | 16026.77 | 15391.45 | 15689.91 |
| മൊത്തം മൂലധന ചെലവിൽ മൂലധന ചെലവിന്റെ (പ്ലാൻ) ശതമാനം | 94.64 | 92.95 | 94.02 | 91.68 | 92.95 |

(₹ കോടിയിൽ)


| | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| മൊത്തം മൂലധന ചെലവുകൾ | 9665.02 | 15438.16 | 17046.02 | 16787.49 | 16880.17 |
| മൂലധന ചെലവുകൾ (പ്ലാൻ) | 9146.54 | 14350.49 | 16026.77 | 15391.45 | 15689.91 |
| മൊത്തം മൂലധന ചെലവിൽ മൂലധന ചെലവിന്റെ (പ്ലാൻ) ശതമാനം | 94.64 | 92.95 | 94.02 | 91.68 | 92.95 |

### 4.2.2 വായ്പകളിലും മുൻകൂറുകളിലും ഉള്ള പ്ലാൻ ചെലവുകൾ

2023–24 കാലയളവിൽ 19 മേജർ വായ്പാകണക്ക് ഹെഡ്ഡുകളിൽ വായ്പകളും മുൻകൂറുകളിലും ഉള്ള പ്ലാൻ ചെലവ് ₹2633.49 കോടി ആയിരുന്നു.


## 4.3 പ്ലാനിൽപ്പെടാത്ത ചെലവുകൾ

2023–24 കാലയളവിലെ പ്ലാനിൽപ്പെടാത്ത ചെലവുകൾ (₹125195.99 കോടി) റവന്യുവിന്റെ കീഴിലുള്ള ₹124005.73 കോടിയും, മൂലധനത്തിന്റെ കീഴിലുള്ള ₹1190.26 കോടിയും ഉൾപ്പെടുന്നു. ഇത് മൊത്തം ചെലവായ ₹159506.51 കോടിയുടെ 78.49 ശതമാനത്തെ പ്രതിനിധീകരിക്കുന്നു.



## 4.4 പ്രതിബദ്ധതയുള്ള ചെലവുകൾ

സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ കണക്കുകളിലുള്ള പ്രതിബദ്ധതയുള്ള ചെലവുകൾ പ്രധാനമായും, പലിശ, പെൻഷൻ, ശമ്പളങ്ങൾ, വേതനം എന്നിവയിലെ ചെലവുകൾ അടങ്ങുന്നതാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ പ്രതിബദ്ധതയുള്ള ചെലവുകളുടെ പ്രവണത സൂചിപ്പിക്കുന്ന ചാർട്ട് താഴെ ചേർക്കുന്നു:




നടപ്പു വർഷത്തിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരവുകളിലുള്ള ശമ്പളത്തിന്റേയും, പലിശ കൊടുക്കലുകളുടെയും, പെൻഷന്റേയും (പ്രതിബദ്ധതയുള്ള ചെലവുകൾ) അനുപാതം 74.61 ശതമാനമാണ്.

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലെ പ്രതിബദ്ധതയുള്ള ചെലവുകളും റവന്യൂ വരവുകളിലും ഉള്ള അതിന്റെ ശതമാനവും താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| ഘടകങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| പ്രതിബദ്ധതയുള്ള ചെലവുകൾ | 72751.15 | 75318.15 | 96115.89 | 90769.73 | 92881.63 |
| റവന്യൂ ചെലവുകൾ | 104719.92 | 123446.33 | 146179.51 | 141950.93 | 142626.34 |
| റവന്യൂ വരവുകളിൽ പ്രതിബദ്ധതയുള്ള ചെലവുകളുടെ ശതമാനം | 80.63 | 77.16 | 82.40 | 68.39 | 74.61 |
| റവന്യൂ ചെലവുകളിൽ പ്രതിബദ്ധതയുള്ള ചെലവുകളുടെ ശതമാനം | 69.47 | 61.01 | 65.75 | 63.94 | 65.12 |

2023–24 കാലയളവിലെ പെൻഷൻ കൊടുക്കലുകൾ സംസ്ഥാന ഗവൺമെന്റ് മിതകാല സാമ്പത്തിക പദ്ധതിയിൽ (₹26182.89 കോടി) കണക്കാക്കിയതിനേക്കാൾ ₹538.65 കോടി കുറവ് ആയിരുന്നു. 2023–24 ലെ, ശമ്പളങ്ങളിലും വേതനങ്ങളിലും ഉള്ള ചെലവ് (സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗവൺമെന്റ് നൽകുന്ന ശമ്പളം ഉൾപ്പെടെ) ₹40131.17 കോടിയായിരുന്നു. ആയത് റവന്യു വരവുകളുടെ 32.24 ശതമാനത്തേയും, റവന്യു ചെലവുകളുടെ 28.14 ശതമാനത്തേയും പ്രതിനിധാനം ചെയ്യുന്നു. ശമ്പള ചെലവുകൾ, റവന്യു ചെലവുകളുടെ (പലിശയും പെൻഷൻ കൊടുക്കലുകളും ഒഴികെ) 42.92 ശതമാനവും, ആയത് സംസ്ഥാന ഗവൺമെന്റ് മിതകാല സാമ്പത്തിക പദ്ധതിയിൽ (₹38178.81 കോടി) കണക്കാക്കിയതിനേക്കാൾ ₹394.03 കോടി കൂടുതലാണ്.

## അദ്ധ്യായം V

# ധനവിനിയോഗ കണക്കുകൾ

## 5.1 ധനവിനിയോഗ കണക്കുകളുടെ സംഗ്രഹം

2023–24 ലെ കേരള ഗവൺമെന്റിന്റെ ധനവിനിയോഗ കണക്കുകൾ, ഇന്ത്യൻ ഭരണ ഘടനയുടെ അനുച്ഛേദം 204–നും 205–നും കീഴിൽ സംസ്ഥാന നിയമസഭ പാസാക്കിയ ധനവിനി യോഗ നിയമത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലുള്ള തുകകളുമായി താരതമ്യപ്പെടു ത്തി, 2024 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തിൽ ചെലവായ തുകകളുടെ കണക്കുകൾ അവത രിപ്പിക്കുന്നു.

2023–24 വർഷത്തിലെ, സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകൾ പ്രകാരം, യഥാർത്ഥ ചെലവ് ₹238434.96 കോടിയാണ്, അതിൽ റവന്യൂ ചെലവായ ₹147018.55 കോടിയും, മൂല ധന ചെലവായ ₹13754.85 കോടിയും, പൊതുകടം തിരിച്ചടവ് ഇനത്തിലുള്ള ₹74365.84 കോടിയും വായ്പകളും മുൻകൂറുകളുമായ, ₹3295.72 കോടിയും ഉൾപ്പെടുന്നു. താഴെ സൂചിപ്പിച്ച പ്രകാരം, സംസ്ഥാന നിയമസഭ വകയിരുത്തിയ മൊത്തം ഗ്രാന്റുകൾ/ധനവിനിയോഗങ്ങളെ സംബന്ധിച്ച് ഈ വിഭാഗങ്ങളിൽ മിച്ചമുണ്ടായിരുന്നു:

(₹ കോടിയിൽ)

| ക്രമ നം. | ചെലവുകളുടെ സ്വഭാവം | ഒറിജിനൽ ഗ്രാന്റ്/ധന വിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ്/ധനവി നിയോഗം | മൊത്തം | യഥാർത്ഥ ചെലവ് | മിച്ചം (–) അധികം (+) |
|---|---|---|---|---|---|---|
| 1 | റവന്യൂ | | | | | |
| | വോട്ട് ചെയ്തത് | 133992.45 | 7250.32 | 141242.77 | 119482.70 | (-)21760.07 |
| | ചാർജ്ജ് ചെയ്തത് | 26878.31 | 694.30 | 27572.61 | 27535.85 | (-)36.76 |
| 2 | പൊതുകടം | | | | | |
| | വോട്ട് ചെയ്തത് | 14569.29 | 3519.14 | 18088.43 | 13652.32 | (-)4436.11 |
| | ചാർജ്ജ് ചെയ്തത് | 36.25 | 92.16 | 128.41 | 102.53 | (-)25.88 |
| 3 | പൊതുകടം ചാർജ്ജ് ചെയ്തത് | 49550.79 | 28625.54 | 78176.33 | 74365.84 | (-)3810.49 |
| 4 | വായ്പകളും മുൻകൂറുകളും വോട്ട് ചെയ്തത് | 2122.52 | 630.67 | 2753.19 | 3295.70 | 542.51 |
| | ചാർജ്ജ് ചെയ്തത് | 0.00 | 7.57 | 7.57 | 0.02 | (-)7.55 |
| | **മൊത്തം** | **227149.61** | **40819.70** | **267969.31** | **238434.96** | **(-)29534.35** |

## 5.2 കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ മിച്ചത്തിന്റെ/അധികത്തിന്റെ പ്രവണത

കഴിഞ്ഞ അഞ്ചു വർഷ കാലയളവിലെ മിച്ചത്തിന്റെ/അധികത്തിന്റെ പ്രവണത താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| വർഷം | മിച്ചം (–)/അധികം (+) | | | | മൊത്തം |
|---|---|---|---|---|---|
| | റവന്യൂ | മൂലധനം | പൊതു കടം | വായ്പകളും & മുൻകൂറുകളും | |
| **2019-20** | (-)21866.16 | (-)8689.97 | 336.63 | (-)427.31 | (-)30646.81 |
| **2020-21** | (-)16293.53 | (-)2271.61 | (-)5865.03 | 360.76 | (-)24069.41 |
| **2021-22** | (-)11374.90 | (-)3749.71 | (-)16558.58 | 118.47 | (-)31564.72 |
| **2022-23** | (-)20094.63 | (-)5258.75 | (-)19216.99 | (-)186.47 | (-)44756.84 |
| **2023-24** | (-)21796.83 | (-)4461.99 | (-)3810.49 | 534.96 | (-)29534.35 |

### *5.2.1 വകയിരുത്തിയ ചെലവിനെക്കാൾ അധികചെലവ് വന്നതിനാൽ ക്രമീകരണം ആവശ്യമായ ഇനങ്ങൾ*

ധനവിനിയോഗ കണക്കുകൾ, വോട്ട് ചെയ്ത റവന്യൂ വിഭാഗത്തിൽ ₹12.38 കോടിയുടെയും, ചാർജ്ജ് ചെയ്ത റവന്യൂ വിഭാഗത്തിൽ ₹60.70 കോടിയുടേയും, വോട്ട് ചെയ്ത മൂലധന വിഭാഗത്തിൽ ₹354.25 കോടിയുടെയും ചാർജ്ജ് ചെയ്ത മൂലധന വിഭാഗത്തിൽ ₹0.34 കോടിയുടെയും അധിക ചെലവുകൾ വെളിപ്പെടുത്തുന്നു. ₹427.67 കോടിയുടെ ഈ അധികച്ചെലവിന്, ഇന്ത്യൻ ഭരണഘടനയുടെ 205–ാം അനുച്ഛേദത്തിനു കീഴിൽ ക്രമീകരണം ആവശ്യമാണ്.

(₹കോടിയിൽ)

| ക്രമ നം. | ഗ്രാന്റുകളുടെ ഹെഡ്ഡുകളും നമ്പരും/ധനവിനിയോഗം | | മൊത്തം ഗ്രാന്റ്/ധനവിനിയോഗം | ചെലവ് | അധികം |
|---|---|---|---|---|---|
| | വോട്ട് ചെയ്ത ധനവിനിയോഗം–റവന്യൂ | | | | |
| 1 | IX | വാഹന നികുതി | 217.38 | 222.87 | 5.49 |
| 2 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2504.99 | 2511.88 | 6.89 |
| | **മൊത്തം** | **വോട്ട് ചെയ്ത ധനവിനിയോഗം/റവന്യൂ** | **2722.37** | **2734.75** | **12.38** |

| ക്രമ നം. | ഗ്രാന്റുകളുടെ ഹെഡ്ഡുകളും നമ്പരും/ധനവിനിയോഗം | മൊത്തം ഗ്രാന്റ്/ധനവിനി യോഗം | ചെലവ് | അധികം |
|---|---|---|---|---|
| | ചാർജ്ജ് ചെയ്ത ധനവിനിയോഗം-റവന്യൂ | | | |
| 1 | കടബാധ്യതകൾ | 27045.65 | 27106.31 | 60.66 |
| 2 | XV പൊതുമരാമത്ത് | 4.10 | 4.14 | 0.04 |
| | **മൊത്തം ചാർജ്ജ് ചെയ്ത ധനവിനിയോഗം/റവന്യൂ** | **27049.75** | **27110.45** | **60.70** |
| | വോട്ട് ചെയ്ത ഗ്രാന്റ്- മൂലധനം | | | |
| 1 | XII പോലീസ് | 61.58 | 99.06 | 37.48 |
| 2 | XL തുറമുഖം | 185.26 | 269.29 | 84.03 |
| 3 | XLI ഗതാഗതം | 2640.01 | 2872.75 | 232.74 |
| | **മൊത്തം വോട്ട് ചെയ്ത ധനവിനിയോഗം- മൂലധനം** | **2886.85** | **3241.10** | **354.25** |
| | ചാർജ്ജ് ചെയ്ത ധനവിനിയോഗം- മൂലധനം | | | |
| 1 | XXXVIII ജലസേചനം | 7.85 | 8.19 | 0.34 |
| | **മൊത്തം ചാർജ്ജ് ചെയ്ത ധനവിനിയോഗം- മൂലധനം** | **7.85** | **8.19** | **0.34** |
| | **ആകെ മൊത്തം** | **32666.82** | **33094.49** | **427.67** |

## 5.2.2 പ്രധാനപ്പെട്ട മിച്ചങ്ങൾ

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിലെ പ്രാധാന്യമർഹിക്കുന്ന മിച്ചങ്ങൾ വന്ന (ശതമാനം) ഏതാനും ഗ്രാന്റുകൾ താഴെ കാണിച്ചിരിക്കുന്നു.

(₹കോടിയിൽ)

| ഗ്രാന്റ് നം. | പദനാമങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|
| വോട്ട് ചെയ്ത റവന്യൂ | | | | | | |
| XXII | നഗര വികസനം | 47 | 37 | 52 | 10 | 33 |
| XXXVI | ഗ്രാമ വികസനം | 80 | 60 | 75 | 71 | 75 |
| വോട്ട് ചെയ്ത മൂലധനം | | | | | | |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 62 | 27 | 16 | 21 | 4 |
| XXIX | കൃഷി | 40 | 21 | 17 | 30 | 32 |

### 5.2.3 അനാവശ്യമായ സപ്ലിമെന്ററി ഗ്രാന്റുകൾ

തന്നാണ്ടിൽ 24 കേസുകളിലായി വാങ്ങിയ മൊത്തം ₹2412.50 കോടിയുടെ സപ്ലിമെന്ററി വകയിരുത്തലുകൾ, താഴെ കൊടുത്തിരിക്കുന്നതു പ്രകാരം, ചെലവുകൾ ഒറിജിനൽ വകയിരുത്തലുകൾക്കൊപ്പം എത്താത്തതിനാൽ അനാവശ്യമെന്നു തെളിഞ്ഞു:

(₹കോടിയിൽ)

| ഗ്രാന്റ് നം. | പദനാമങ്ങൾ | അസ്സൽ വകയിരുത്തലുകൾ | സപ്ലിമെന്ററി വകയിരുത്തലുകൾ | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| **വോട്ട് ചെയ്ത റവന്യൂ** | | | | |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 695.31 | 15.00 | 617.86 |
| XI | ജില്ലാഭരണവും പലവകയും | 854.55 | 22.78 | 853.91 |
| XV | പൊതുമരാമത്ത് | 1819.20 | 196.84 | 1662.21 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 9155.03 | 288.88 | 8666.27 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 264.35 | 0.55 | 215.69 |
| XXXVII | വ്യവസായങ്ങൾ | 702.78 | 5.00 | 492.45 |
| XXXVIII | ജലസേചനം | 433.31 | 1.32 | 399.01 |
| XLI | ഗതാഗതം | 93.33 | 5.00 | 85.98 |
| XLII | വിനോദസഞ്ചാരം | 234.14 | 4.63 | 199.90 |
| XLVI | സാമൂഹ്യസുരക്ഷയും ക്ഷേമവും | 12055.20 | 332.22 | 8177.67 |
| | **മൊത്തം** | 26307.20 | 872.22 | 21370.95 |
| **ചാർജ്ജ് ചെയ്ത റവന്യൂ** | | | | |
| I | സംസ്ഥാന നിയമസഭ | 0.73 | 0.20 | 0.68 |
| III | നീതിന്യായ നിർവ്വഹണം | 185.52 | 6.87 | 180.12 |
| XII | പോലീസ് | 6.80 | 0.33 | 6.87 |
| XXIX | കൃഷി | 0.05 | 0.01 | 0.01 |
| XXXIV | വനം | 0.03 | 0.02 | 0.02 |
| XXXVIII | ജലസേചനം | 0.94 | 0.28 | 0.35 |
| | **മൊത്തം** | 194.07 | 7.71 | 188.05 |
| **മൂലധനം-വോട്ട് ചെയ്തത്** | | | | |
| XV | പൊതുമരാമത്ത് | 2525.06 | 450.34 | 2380.79 |
| XXIII | വാർത്താവിതരണവും പ്രചരണവും | 2.60 | 1.05 | 1.14 |
| XXIX | കൃഷി | 259.39 | 46.63 | 208.93 |
| XXXV | പഞ്ചായത്ത് | 520.00 | 11.21 | 388.31 |
| XXXVIII | ജലസേചനം | 346.59 | 32.28 | 214.99 |

(₹കോടിയിൽ)

| ഗ്രാന്റ് നം. | പദനാമങ്ങൾ | അസ്സൽ വകയിരുത്തലുകൾ | സപ്ലിമെന്ററി വകയിരുത്തലുകൾ | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| XXXIX | ഊർജ്ജം | 23.00 | 70.52 | 59.27 |
| XLI | ഗതാഗതം | 1740.41 | 899.60 | 2872.75 |
| | **മൊത്തം** | 5417.05 | 1511.63 | 6126.18 |
| **മൂലധനം-ചാർജ്ജ് ചെയ്തത്** | | | | |
| **XV** | പൊതുമരാമത്ത് | 35.50 | 20.94 | 32.27 |
| | **മൊത്തം** | **35.50** | **20.94** | **32.27** |

## 5.3 ആകസ്മിക നിധിയിൽ നിന്നുള്ള മുൻകൂറുകൾ

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 267 (2) വ്യവസ്ഥകൾക്കനുസൃതമായി 1957 ലെ കേരള ആകസ്മിക നിധി ആക്ടിനു കീഴിൽ സംസ്ഥാനത്തിന്റെ ആകസ്മിക നിധി സ്ഥാപിക്കപ്പെട്ടു. നിയമസഭയുടെ ആധികാരികത ലഭിക്കുന്നതുവരെ മാറ്റി വയ്ക്കുന്നത് അഭിലഷണീയമല്ലാത്ത അപ്രതീക്ഷിതവും അടിയന്തര സ്വഭാവത്തിലുള്ളതുമായ ചെലവുകൾ വഹിക്കുന്നതിനു വേണ്ടി മാത്രമേ ഫണ്ടിൽ നിന്നും മുൻകൂറുകൾ നൽകാൻ പാടുള്ളൂ. ഫണ്ട് ഒരു കരുതൽ ധനത്തിന്റെ സ്വഭാവത്തിലുള്ളതും അതിന്റെ നിലവിലുള്ള മുതൽ ₹100 കോടിയുമാണ്. താഴെ ചേർത്തിരിക്കുന്ന വിവരണങ്ങൾ, കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഫണ്ട് ഏതളവ് വരെ ഉപയോഗിച്ചിരുന്നു എന്നതിനെ സൂചിപ്പിക്കുന്നു.

(₹കോടിയിൽ)

| | 2019-2020 | 2020-2021 | 2021-2022 | 2022-23 | 2023-24 |
|---|---|---|---|---|---|
| ആകസ്മിക നിധിയിൽ നിന്നുള്ള പിൻവലിക്കലുകളുടെ എണ്ണം | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകസ്മിക നിധിയിൽ നിന്നുള്ള മൊത്തം പിൻവലിക്കലുകൾ (രൂപ കോടിയിൽ) | 75.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മൊത്തം ബഡ്ജറ്റ് വകയിരുത്തലിന്റെ ശതമാനമായി ആക്സ്മിക നിധിയിൽ നിന്നുള്ള പിൻവലിക്കലുകൾ | 0.05 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## അദ്ധ്യായം VI
## ആസ്തികളും ബാധ്യതകളും

### 6.1 ആസ്തികൾ

നിലവിലുള്ള ഗവൺമെന്റ് അക്കൗണ്ടിംഗ് സംവിധാനത്തിൽ, ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഭൂമിയും കെട്ടിടങ്ങളും പോലുള്ള സ്ഥാവരമായ ആസ്തികളുടെ സമഗ്രമായ അക്കൗണ്ടിംഗ് നടത്തുന്നില്ല. എന്നിരുന്നാലും, ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യതകളും, നേരിട്ട ചെലവുകളിൽ നിന്ന് സൃഷ്ടിച്ച ആസ്തികളും ഗവൺമെന്റ് കണക്കുകളിൽ ഉൾപ്പെടുത്തുന്നു.


2023-24 ന്റെ അവസാനം സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ഗവൺമെന്റ് കമ്പനികൾ, മറ്റു ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ, മുതലായവയിൽ, ഓഹരി മുലധനം ആയിട്ടുള്ള മൊത്തം നിക്ഷേപങ്ങൾ ₹11759.92 കോടി ആണ്. തന്നാണ്ടിൽ ലഭിച്ച ലാഭവിഹിതം ₹242.68 കോടി ആണ് (നിക്ഷേപത്തിന്റെ 2.06 ശതമാനം) 2023-24 ൽ നിക്ഷേപങ്ങളിൽ ₹318.30 കോടിയുടെ വർദ്ധനവും ലാഭവിഹിത വരുമാനത്തിൽ ₹193.75 കോടിയുടെ വർദ്ധനവും ഉണ്ടായി.

വകുപ്പ് തല നീക്കിയിരുപ്പുകൾ (പൊതുമരാമത്ത്, വനം മുതലായവ) ഒഴിച്ച്, ഗവൺമെന്റ് വശം ഉള്ള നീക്കിയിരുപ്പ് പണം, 2023-24 വർഷത്തിന്റെ തുടക്കത്തിലുള്ള ₹182.69 കോടിയിൽ നിന്ന് വർഷാവസാനം ₹275.36 കോടിയായി വർദ്ധിച്ചു. 2023-24 ൽ ഗവൺമെന്റ് 98 സന്ദർഭങ്ങളിലായി ട്രഷറി ബില്ലുകളിൽ ₹46499.05 കോടി നിക്ഷേപിക്കുകയും 108 സന്ദർഭങ്ങളിലായി ₹49540.53 കോടിയുടെ ട്രഷറി ബില്ലുകൾ റീഡിസ്ക്കൗണ്ട് ചെയ്യുകയും ചെയ്തു.

(₹കോടിയിൽ)

| ഇന്ത്യാ ഗവൺമെന്റിന്റെ ട്രഷറി ബില്ലിലുള്ള നീക്കിയിരുപ്പിന്റെ നിക്ഷേപം | | | |
|---|---|---|---|
| 2023 ഏപ്രിൽ 1 നുള്ള നീക്കിയിരുപ്പ് | 2023-24 ലെ വാങ്ങൽ | 2023-24 ലെ വിൽപ്പന | March 2024 മാർച്ച് 31 ലെ അവസാന നീക്കിയിരിപ്പ് |
| 7092.74 | 46499.05 | 49540.53 | 4051.26 |

(₹കോടിയിൽ)




## 6.2 കടവും ബാധ്യതകളും


ആഭ്യന്തര കടവും (₹257157.92 കോടി) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും (₹25337.38 കോടി) ഉൾപ്പെടെ, 2023–24 വർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ വീട്ടാനുള്ള പൊതുകടം ₹282495.30 കോടി ആയിരുന്നു. പൊതു കണക്കുകളുടെ കീഴിൽ അക്കൗണ്ട് ചെയ്ത മറ്റു ബാദ്ധ്യതകൾ ₹132725.85 കോടിയാണ്. കൂടാതെ സംസ്ഥാനം, ലഘുസമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ടുകൾ, നിക്ഷേപങ്ങൾ എന്നിവയുടെ കാര്യത്തിൽ ഒരു ബാങ്കറും ട്രസ്റ്റിയും കൂടിയായി വർത്തിക്കുന്നു. 2023–24 കാലയളവിൽ, സംസ്ഥാന ഗവൺമെന്റിന്റെ അങ്ങനെയുള്ള ബാദ്ധ്യതകളെ സംബന്ധിച്ച്, മൊത്തത്തിൽ ₹178.23 കോടിയുടെ കുറവ് ഉണ്ടായിരുന്നു.

കടത്തിന്മേലും മറ്റു ബാദ്ധ്യതകളിന്മേലുമുള്ള പലിശ കൊടുക്കലിന്റെ മൊത്തം തുകയായ ₹26893.13 കോടി, റവന്യൂ ചെലവായ ₹142626.34 കോടിയുടെ 18.86 ശതമാനമാണ്. പൊതുകടത്തിന്മേലുള്ള പലിശ കൊടുക്കൽ, ₹18425.16 കോടിയാണ് ((ആഭ്യന്തരകടം ₹18032.77 കോടി, (കടത്തിന്റെ പരിപാലനം ₹55.83 കോടിയും, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ₹392.39 കോടിയും ഒഴിച്ച്)) 2023–24 കാലയളവിൽ, പലിശ കൊടുക്കൽ കാരണമുള്ള ചെലവിൽ ₹1760.90 കോടി വർദ്ധിച്ചു.

2023–24 കാലയളവിൽ ₹103453.94 കോടിയുടെ ആഭ്യന്തര കടം എടുത്തു. ഇതു കാരണം ₹73433.09 കോടിയുടെ കട ബാദ്ധ്യത തീർത്തു. സംസ്ഥാന ഗവൺമെന്റിന്റെ പൊതുകടത്തിന്റെയും മൊത്തം ബാധ്യതകളുടെയും വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുള്ള പ്രകാരമാണ്:

(₹കോടിയിൽ)

| | ആഭ്യന്തര കടം | കേന്ദ്രഗവൺമെന്റിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | മൊത്തം പൊതു കടം | ലഘുസമ്പാദ്യങ്ങൾ (#) | പ്രൊവിഡന്റ് ഫണ്ടുകൾ | മറ്റു ബാധ്യതകൾ (*) | മൊത്തം ബാധ്യതകൾ | മൊത്തം ബാധ്യതകൾക്ക് ജിഎസ്ഡിപിയിലുള്ള ശതമാനം |
|---|---|---|---|---|---|---|---|---|
| 2019-20 | 165960.03 | 8680.19 | 174640.22 | 53597.11 | 32074.06 | 5050.97 | 265362.36 | 32.64 |
| 2020-21 | 190474.09 | 14973.64 | 205447.73 | 64363.07 | 32856.07 | 5719.14 | 308386.01 | 39.96 |
| 2021-22 | 210791.59 | 23688.27 | 234479.86 | 77415.12 | 38251.48 | 7246.29 | 357392.77 | 38.66 |
| 2022-23 | 227137.07 | 25369.21 | 252506.28 | 85987.60 | 38203.31 | 8333.18 | 385030.37 | 37.62 |
| 2023-24 | 257157.92 | 25337.38 | 282495.30 | 85535.12 | 38409.12 | 8781.61 | 415221.15 | 36.23 |




(*) കരുതൽ ഫണ്ടുകളും നിക്ഷേപങ്ങളും ഉൾപ്പെടുന്നു

(#) ട്രസ്റ്റുകൾ, എൻഡോവ്മെന്റുകൾ ഇൻഷുറൻസ്, പെൻഷൻ ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നു.

## 6.3 ഗ്യാരന്റികൾ

സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ഗവൺമെന്റ് കമ്പനികൾ, സഹകരണ ബാങ്കുകൾ സൊസൈറ്റികൾ മുതലായവ തിരിച്ചടക്കേണ്ട വായ്പകൾ, ഓഹരി മൂലധനം, പലിശ കൊടുക്കലുകൾ, ലാഭവിഹിതം മുതലായവ പോലുള്ള ബാധ്യതകൾ കൃത്യമായി വീട്ടുന്നതിന് ഗവൺമെന്റ് ഗ്യാരന്റികൾ നൽകുന്നു.

2003 ലെ കേരള ഗവൺമെന്റ് ഗ്യാരന്റീസ് ആക്ടിലെ 3-ാം വകുപ്പ്, 2022 ലെ, കേരള ധനകാര്യ ആക്ട് (നമ്പർ 2) പ്രകാരം ഭേദഗതി ചെയ്തതനുസരിച്ച്, ആകെ വീട്ടാനുള്ള ഗവൺമെന്റ് ഗ്യാരന്റികൾ, നടപ്പുവർഷത്തേക്ക് സാമ്പത്തികവും സ്ഥിതിവിവരകണക്കും വകുപ്പ് കണക്കാക്കിയ പ്രകാരമുള്ള സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) അഞ്ച് ശതമാനപരിധിക്കുള്ളിൽ ആയിരിക്കേണ്ടതാണ്. ഈ ആക്ട് 2018 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. 2019-20 മുതൽ 2023-24 കാലയളവിലുള്ള ഗ്യാരന്റികളുടെ സ്ഥിതി താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| വർഷത്തിന്റെ അവസാനം | ഗ്യാരന്റി ചെയ്ത തുക | വീട്ടാൻ ബാക്കിയുള്ള തുക |
|---|---|---|
| 2019-20 | 43433.30 | 27757.01 |
| 2020-21 | 49076.88 | 36600.98 |
| 2021-22 | 60604.04 | 44369.85 |
| 2022-23 | 75895.65 | 50374.49 |
| 2023-24 | 84211.45 | 62868.15 |

(₹കോടിയിൽ)

| വർഷത്തിന്റെ അവസാനം | ഗ്യാരന്റി ചെയ്ത തുക (മുതൽ തുക മാത്രം) | വീട്ടാൻ ബാക്കിയുള്ള തുക (മുതലും പലിശയും) |
|---|---|---|
| **2019-20** | **43433.30** | **27757.01** |
| **2020-21** | **49076.88** | **36600.98** |
| **2021-22** | **60604.04** | **44369.85** |
| **2022-23** | **75895.65** | **50374.49** |
| **2023-24** | **84211.45** | **62868.15** |

ഗവൺമെന്റ് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2024 മാർച്ച് 31 ന് വീട്ടാൻ ബാക്കിയുള്ള ഗ്യാരന്റികൾ ₹62868.15 കോടിയാണ്. 2023-24 -ൽ ഗ്യാരന്റി ഫീസ് ഇനത്തിൽ ഗവൺമെന്റിന് ₹311.93 കോടി ലഭിച്ചു. 2024 മാർച്ച് 31 ന് കുടിശ്ശികയായ ഗ്യാരന്റി ഫീസ് തുക ₹395.94 കോടിയാണ്.

# അദ്ധ്യായം VII

## മറ്റിനങ്ങൾ

### 7.1 ആഭ്യന്തര കടത്തിനു കീഴിലുള്ള പ്രതിലോമ നീക്കിയിരിപ്പുകൾ

ഇന്ത്യൻ ഭരണഘടനയുടെ 293-ാം അനുച്ഛേദമാണ് സംസ്ഥാന ഗവൺമെന്റിന്റെ കടമെടുക്കലുകളെ നിയന്ത്രിക്കുന്നത്. കേന്ദ്ര ഗവൺമെന്റ്, എൽ ഐ സി ഓഫ് ഇന്ത്യ, എൻ സി ഡി സി, നബാർഡ്, ആർബിഐ മുതലായവയിൽ നിന്ന് സംസ്ഥാന ഗവൺമെന്റ് വായ്പകൾ സ്വീകരിക്കുന്നു. കൂടാതെ അത്, ചില പദ്ധതികൾ, സ്കീമുകൾ മുതലായവയ്ക്ക് ധനസഹായം നൽകുന്നതിന് വേണ്ടി പൊതു വിപണിയിൽ നിന്നും വായ്പകൾ എടുക്കുന്നു. 31.3.2024 ന് ആഭ്യന്തര കടത്തിന് കീഴിൽ യാതൊരു പ്രതിലോമ നീക്കിയിരിപ്പുമില്ല.

### 7.2 സംസ്ഥാന ഗവൺമെന്റ് നൽകുന്ന വായ്പകളും മുൻകൂറുകളും

2023-24 വർഷത്തിന്റെ അവസാനം, സംസ്ഥാന ഗവൺമെന്റ് നൽകിയ മൊത്തം വായ്പകളും മുൻകൂറുകളും ₹26937.94 കോടിയാണ്. 2023-24 കാലയളവിൽ, സംസ്ഥാന ഗവൺമെന്റ്, ₹3295.72 കോടി വരുന്ന വായ്പകളും മുൻകൂറുകളും നൽകി. 2024 മാർച്ച് 31 ന്, ₹22582.01 കോടിയുടെ വസൂലാക്കലുകൾ, (മുതൽ ₹14977.23 കോടിയും പലിശ ₹7604.78 കോടിയും) കുടിശ്ശികയായിരുന്നു.

മുകളിൽ പറഞ്ഞ കുടിശ്ശികകളിൽ, 78.89 ശതമാനം നാല് സ്ഥാപനങ്ങൾ/സംഘടനകളെ സംബന്ധിച്ചുള്ളതാണ്, അതായത് കേരള വാട്ടർ അതോറിറ്റി, (₹3929.82 കോടി) കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് (₹1759.81 കോടി), കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് (₹1816.86 കോടി), കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ (₹9479.44 കോടി). സർക്കാർ വ്യവസ്ഥകളും നിബന്ധനകളും നിശ്ചയിച്ചിട്ടില്ലാത്ത വായ്പകൾ ₹170.31 കോടി.

31.3.2024 ന് വായ്പാ മേജർ ഹെഡ്ഡുകളുടെ കീഴിൽ ₹2.58 കോടി വരുന്ന 5 പ്രതിലോമ നീക്കിയിരിപ്പുണ്ട്.

## 7.3 തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവയ്ക്കുമുള്ള ധനസഹായം


2023–24 ൽ തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവയ്ക്കും നൽകിയ ധനസഹായം ₹13817.96 കോടിയാണ്. അത്, 2022–23 ലുണ്ടായിരുന്ന ₹15843.71 കോടിയിൽ നിന്ന് 2023–24 ൽ ₹13817.96 കോടിയായി കുറഞ്ഞ്, മുൻവർഷത്തേതിൽ നിന്ന് 12.79 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു. 2023-24 വർഷക്കാലയളവിൽ, ജില്ലാപരിഷത്തുകൾ, പഞ്ചായത്ത് സമിതികൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും എന്നിവയ്ക്കുള്ള ഗ്രാന്റുകൾ (₹10120.34) മൊത്തം ഗ്രാന്റുകളുടെ 73.24 ശതമാനത്തെ കാണിക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ, ധനസഹായത്തിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

(₹കോടിയിൽ)

| തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റുള്ളവയ്ക്കുമുള്ള ധനസഹായം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ജില്ലാ പരിഷത്തുകൾ | 736.96 | 1482.57 | 1096.28 | 1254.62 | 933.93 |
| മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും | 2296.24 | 3653.02 | 2584.33 | 3676.97 | 2806.69 |
| ഗ്രാമപഞ്ചായത്തും പഞ്ചായത്ത് സമിതികളും | 4974.15 | 7209.57 | 6505.48 | 7444.12 | 6379.72 |
| മറ്റുള്ളവ * | 2914.47 | 5611.18 | 6072.46 | 3468.00 | 3697.62 |
| മൊത്തം | 10921.82 | 17956.34 | 16258.55 | 15843.71 | 13817.96 |

** മറ്റു സ്ഥാപനങ്ങളിൽ, ഗവ: കമ്പനികൾ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ സർവ്വകലാശാലകൾ, വികസന അതോറിറ്റികൾ മുതലായവ ഉൾപ്പെടുന്നു.*




## 7.4 നീക്കിയിരിപ്പ് പണവും നീക്കിയിരിപ്പ് പണത്തിന്റെ നിക്ഷേപവും

(₹കോടിയിൽ)

| വിവരണങ്ങൾ | മാർച്ച് 31.03.2023 | മാർച്ച് 31.03.2024 | വർദ്ധനവ്(+)/ കുറവ്(-) |
|---|---|---|---|
| **നീക്കിയിരുപ്പ് പണം** | **182.69** | **275.36** | **92.67** |
| **നീക്കിയിരുപ്പ് പണത്തിൽ നിന്നുള്ള നിക്ഷേപം (എ+ബി)** | **7092.74** | **4051.26** | **(-)3041.48** |
| എ. ഇന്ത്യാഗവൺമെന്റിന്റെ ട്രഷറി ബില്ലുകൾ | 7092.74 | 4051.26 | (-)3041.48 |
| ബി. ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റികൾ | 0.00 | 0.00 | 0.00 |
| **മറ്റു നീക്കിയിരുപ്പ് പണങ്ങൾ** | **-6.48** | **-6.45** | **0.03** |
| 1) വകുപ്പ് തല നീക്കിയിരുപ്പുകൾ | -7.63 | -7.63 | 0.00 |
| 2) സ്ഥിരം ക്യാഷ് ഇംപ്രസ്റ്റ് | 1.15 | 1.18 | 0.03 |
| **മാറ്റിവയ്ക്കപ്പെട്ട നീക്കിയിരുപ്പുകളിൽ നിന്നുള്ള നിക്ഷേപങ്ങളുടെ ഫണ്ട് തിരിച്ചുള്ള വിഭജനം (എ മുതൽ ഡി വരെ)** | **2722.73** | **3047.21** | **324.48** |
| എ. ഋണമോചന ഫണ്ട് | 2706.84 | 3031.32 | 324.48 |
| ബി. കർഷകരുടെ പുനരധിവാസ ഫണ്ട് | 2.39 | 2.39 | 0.00 |
| സി. കുടികിടപ്പുകാരുടെ ബെനഫിറ്റ് ഫണ്ട് | 1.00 | 1.00 | 0.00 |
| ഡി. കേരള ഉപഭോക്തൃ ക്ഷേമനിധി | 12.50 | 12.50 | 0.00 |
| **നീക്കിയിരുപ്പ് പണത്തിന്റെ നിക്ഷേപത്തിൽ നിന്നും ഈടാക്കിയ പലിശ** | **15.85** | **4.96** | **(-)10.89** |

സംസ്ഥാന ഗവൺമെന്റിന്റെ നീക്കിയിരുപ്പ് പണം 2022–23 ലെ ₹182.69 കോടിയിൽ നിന്നും, 2023–24 ൽ ₹275.36 കോടിയായി വർദ്ധിച്ചു. മാറ്റിവയ്ക്കപ്പെട്ട നീക്കിയിരുപ്പുകൾ ട്രഷറി ബില്ലുകൾ, ഇന്ത്യാ

ഗവൺമെന്റിന്റെ സെക്യൂരിറ്റികൾ മുതലായവയിൽ നിന്ന് ₹7098.47 കോടിയുടെ നിക്ഷേപം നടത്തി. നീക്കിയിരുപ്പ് പണ നിക്ഷേപങ്ങളിൽ നിന്നും ഈടാക്കിയ പലിശയിൽ 68.71 ശതമാനത്തിന്റെ കുറവുണ്ടായിരുന്നു.

## 7.5 കണക്കുകളുടെ പൊരുത്തപ്പെടുത്തൽ

എല്ലാ നിയന്ത്രണോദ്യോഗസ്ഥന്മാരും, ഗവൺമെന്റിന്റെ വരവുകളും ചെലവുകളും, കേരള അക്കൗണ്ടന്റ് ജനറൽ (എ&ഇ) അക്കൗണ്ട് ചെയ്തിരിക്കുന്ന തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. നിയന്ത്രണോദ്യോഗസ്ഥന്മാർ ₹77337.29 കോടിയുടെ മൂല്യത്തിനുള്ള വരവുകളുടെ അങ്ങനെയുള്ള പൊരുത്തപ്പെടുത്തലുകൾ പൂർത്തിയാക്കി, മൊത്തം റവന്യൂ വരവുകളുടെ 62.13 ശതമാനം നിയന്ത്രണോദ്യോദസ്ഥന്മാർ, ₹117805.37 കോടിയുടെ മൂല്യത്തിനുള്ള ചെലവുകളുടെ പൊരുത്തപ്പെടുത്തലുകൾ പൂർത്തിയാക്കി. മൊത്തം പൊരുത്തപ്പെടുത്തേണ്ട ചെലവിന്റെ 82.60 ശതമാനം.

## 7.6 ട്രഷറികൾ കണക്കുകൾ സമർപ്പിക്കുന്നത്

അക്കൗണ്ടന്റ് ജനറൽ (എ&ഇ)ക്ക് കണക്കുകൾ സമർപ്പിക്കുന്ന 23 ജില്ലാ ട്രഷറികളും, ഇ–ട്രഷറിയും, പേ ആന്റ് അക്കൗണ്ട്സ് ഓഫീസുകളും, ഭാരതീയ റിസർവ്വ് ബാങ്ക് ശുപാർശകളും അടങ്ങുന്ന 24 യൂണിറ്റുകളുണ്ട്. പൊതുമരാമത്ത്/ഫോറസ്റ്റ് ഡിവിഷനുകളുടെ ചെക്ക് മുഖേനയുള്ള പണമെടുപ്പ് സംവിധാനം പിൻവലിച്ചു. പൊതുമരാമത്ത് (70) ഫോറസ്റ്റ് (89) ജലസേചനം (82), നാഷണൽ ഹൈവേ (12), ഹാർബർ എൻജിനീയറിംഗ് (12), ഡിവിഷനുകളുടെ ഇടപാടുകൾ, മറ്റ് വകുപ്പുകളിലേതുപോലെ ട്രഷറികൾ മുഖേന ചെയ്തു വരുന്നു. 2023–24 കാലയളവിൽ, ട്രഷറികൾ മാസംതോറുമുള്ള കണക്ക് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുകയോ, വർഷാന്ത്യം കണക്കുകൾ ഒന്നും തന്നെ ഒഴിവാക്കുകയോ ചെയ്തിട്ടില്ല.

## 7.7 സസ്പെൻസ് അക്കൗണ്ട്സ് ബാലൻസിന്റെ സ്ഥിതി

ഈ ഹെഡ്ഡുകളിൽ ബാക്കി നിൽക്കുന്ന നീക്കിയിരിപ്പ്, വിവിധ ഹെഡ്ഡുകളുടെ കീഴിൽ ബാക്കിയുള്ള ഡബിറ്റ് നീക്കിയിരിപ്പും ക്രഡിറ്റ് നീക്കിയിരിപ്പും ഒന്നായി കൂട്ടിയെടുത്തത് 2024 മാർച്ച് 31 ന് 8658, 8782, 8793 എന്നീ ഹെഡ്ഡുകളുടെ കീഴിൽ, ₹158.32 കോടിയാണ് (Dr) (2023 മാർച്ച് 31 ന് ₹1495.99 കോടി (Dr) ഈ ഹെഡ്ഡുകളുടെ കീഴിൽ ബാക്കി നിൽക്കുന്ന നീക്കിയിരിപ്പുകൾ തീർപ്പാക്കാത്തത്, സംസ്ഥാന സർക്കാരിന്റെ വിവിധ കണക്കു ഹെഡ്ഡുകളുടെ കീഴിലുള്ള (വർഷാവർഷം പുതിയ പേജിലേക്കു മാറ്റുന്നവ) വരവുകളുടെയും/ചെലവുകളുടെയും കൃത്യതയെ ബാധിക്കുന്നു.

## 7.8 പൂർത്തീകരിക്കാത്ത പദ്ധതികളും/പണികളും കാരണമുള്ള പ്രതിബദ്ധത

2023 മാർച്ച് വരെ ₹670.93 കോടി ചെലവഴിച്ചതും, പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത കാലാവധി കഴിഞ്ഞെങ്കിലും 2024 മാർച്ച് അവസാനം വരെ, പൂർത്തിയാക്കാത്തതുമായ 260 പദ്ധതികൾ/പണികൾ (ഓരോന്നിനും ഒരു കോടിയിൽ പരം രൂപയുടെ മതിപ്പുള്ളത്) ഉണ്ട്.

## 7.9 ന്യൂ പെൻഷൻ സ്കീം

2004 ജനുവരി 1 മുതൽ നിയമിതരായ ആൾ ഇന്ത്യാ സർവീസ് (എഐഎസ്) ഉദ്യോഗസ്ഥരും, 2013 ഏപ്രിൽ 1 മുതൽ നിയമിതരായ സംസ്ഥാന സർക്കാർ ജീവനക്കാരും, ഒരു നിർവ്വചിത അംശദാന പദ്ധതിയായ എൻപിഎസ്-നു കീഴിൽ ആണ്. പദ്ധതിയുടെ നിബന്ധനകൾ പ്രകാരം, ജീവനക്കാരന്റെ വിഹിതമായി അയാളുടെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 ശതമാനവും അതിന് തുല്യമായ തുക സംസ്ഥാന സർക്കാരും നൽകിവരുന്നു. മുഴുവൻ തുകയും, നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് (എൻഎസ്ഡിഎൽ)/ട്രസ്റ്റീ ബാങ്ക് വഴി നിയോഗിക്കപ്പെട്ട ഫണ്ട് മാനേജർക്ക് കൈമാറുന്നു.

2023-24 ൽ പൊതുകണക്കിനു കീഴിൽ എംഎച്ച് 8342-117 നിർവ്വചിത കോൺട്രിബ്യൂഷൻ പെൻഷൻ സ്കീമിലേക്ക് ₹1970.42 കോടി ക്രെഡിറ്റ് ചെയ്തതിൽ, ജീവനക്കാരുടെ അംശദാനമായ ₹986.68 കോടിയും സർക്കാർ അംശദാനമായ ₹983.74 കോടിയും ഉൾപ്പെടുന്നു.

സർക്കാർ, പൊതുകണക്കിനു കീഴിൽ മേജർ ഹെഡ് 8342-117 നിർവ്വചിത അംശദാന പെൻഷൻ പദ്ധതിയിലേക്ക് ₹1,974.43 കോടി മാറ്റി. (ജീവനക്കാരുടെ വിഹിതമായ ₹986.68 കോടിയും സർക്കാർ വിഹിതമായ ₹987.75 കോടിയും). എൻഎസ്ഡിഎൽ/ട്രസ്റ്റി ബാങ്കിൽ ₹1974.48 കോടി വരുന്ന തുക ഒടുക്കി.

## 7.10 പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (പിഎസ്റ്റിഎസ്ബി)

കേരള സർക്കാർ, പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സഞ്ചിതനിധിയിൽ നിന്ന് ഫണ്ടുകൾ മാറ്റിക്കൊണ്ട് പി.ഡി.അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്ന സമ്പ്രദായം പിന്തുടരുന്നില്ല. ഈ ആവശ്യം നിർവ്വഹിക്കുന്നത് പൊതുകണക്കിൽ '8031- മറ്റ് നിക്ഷേപ പദ്ധതികൾ, 102-സംസ്ഥാന സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ, 99-സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റുകൾ', എന്ന ഹെഡ്ഡിനു കീഴിൽ ആരംഭിച്ച പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ്.

സംസ്ഥാന സർക്കാർ 2018-19 മുതൽ, സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സംഘടനകളുടേയും പ്ലാൻ ഫണ്ടുകളുടെ വിനിയോഗം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (പിഎസ്റ്റിഎസ്ബി) എന്ന പേരിൽ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ ഒരു പുതിയ വിഭാഗം ആരംഭിച്ചു. ഈ പിഎസ്റ്റിഎസ്ബി സമ്പ്രദായം പൂർണ്ണമായും വിവരസാങ്കേതിക പ്രാപ്തിയുള്ളതും അക്കൗണ്ട് തിരിച്ചുള്ള പ്രത്യേകം ഭരണാനുമതി/പദ്ധതി സാധ്യമാകുന്നതിന് ഓരോ നിക്ഷേപങ്ങളും പിൻവലിക്കലുകളും രേഖപ്പെടുത്തുന്നതുമാണ്.

2024 മാർച്ച് 31-ന് പ്രവർത്തനത്തിലുള്ള പി.എസ്.റ്റി.എസ്.ബി അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| 2023-ഏപ്രിലിലുള്ള മുന്നിരിപ്പ് | | 2023-24 വർഷത്തിൽ കൂട്ടി ചേർത്തത് | | 2023-24 വർഷത്തിൽ പിൻവലിച്ചത് | | 2024 മാർച്ച് 31 നുള്ള നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|
| നിർവ്വഹണങ്ങളുടെ എണ്ണം | തുക | നിർവ്വഹണങ്ങളുടെ എണ്ണം | തുക | നിർവ്വഹണങ്ങളുടെ എണ്ണം | തുക | നിർവ്വഹണങ്ങളുടെ എണ്ണം | തുക |
| 2421 | 112.67 | 171 | 5045.66 | 59 | 5036.15 | 2533 | 122.18 |

## 7.11 നിക്ഷേപങ്ങൾ

സംസ്ഥാന ഗവൺമെന്റ്, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ഗവൺമെന്റ് കമ്പനികൾ, ജോയ്ന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ ഓഹരികളായും ഇക്വിറ്റികളായും നിക്ഷേപം നടത്തുന്നു. കണക്കുകൾ പ്രകാരം 2024 മാർച്ച് 31 നുള്ള ഗവൺമെന്റിന്റെ നിക്ഷേപം, കേരള ജല അതോറിറ്റിക് ശുചീകരണ പദ്ധതികൾക്ക് (₹101.13 കോടി) എൻബിസിഎഫ്ഡിസി & എൻഎംഡിഎഫ്സി പദ്ധതികൾക്ക് പ്രാരംഭ മൂലധനം (₹5.50 കോടി) വ്യവസായ പാർക്കുകളിൽ തൊഴിലെടുക്കുന്ന വനിതകൾക്ക് പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും (₹3.00 കോടി), നിലവിലുള്ള വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും (₹30.24 കോടി) കൊച്ചിയിലെ സംയോജിത ജലഗതാഗത സമ്പ്രദായത്തിനും (₹179.30 കോടി) സ്മാർട്ട് സിറ്റി പ്രോജ

ക്ടിനും (₹31.20 കോടി) കോട്ടയത്ത് ഹോട്ടൽ മാനേജ്മെന്റിനും (₹0.01 കോടി) ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറിക്ക് (₹3.55 കോടി), നീര ഉൽപാദിപ്പിക്കുന്ന കമ്പനികൾക്കും (₹5.00 കോടി), എൽഎസി–എഡിഎസിനും (₹5.38 കോടി) സോളാർ ക്രൂയിസ് ബോട്ടിനും (₹4.25 കോടി), കേരള മാരിടൈം ബോർഡിനും (₹0.01 കോടി) പിഒഎൽ കാരിയർ ബാർജ് നിർമ്മാണത്തിനും (₹2.50 കോടി), കേരള സംസ്ഥാന സഹകരണ ബാങ്കിന് ഓഹരി മൂലധന അംശദാനത്തിനും (₹400.00 കോടി) ആസിഡ് കാരിയർ ബാർജ് നിർമ്മാണത്തിനും (₹2.99 കോടി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (₹0.60 കോടി) ഗൃഹശ്രീ ഭവന പദ്ധതി (₹4.73 കോടി) കോഴിക്കോട് വിമാനത്താവള വികസനം (₹67.47 കോടി) മൂലധന കണക്കിലേക്കുള്ള വരവുകളും വസൂലാക്കലുകളും (₹–7.91 കോടി) എന്നിവയ്ക്കു വേണ്ടിയുള്ള ₹838.95 കോടി ഒഴിച്ച് ₹10920.97 കോടിയാണ്.

ലാഭവിഹിതമായി 24 സ്ഥാപനങ്ങളിൽ നിന്നും ₹242.68 കോടി ലഭിച്ചു. (നിക്ഷേപത്തിന്റെ 2.22 ശതമാനം) 2023–24 ൽ നിക്ഷേപങ്ങളിൽ ₹318.30 കോടിയുടെ വർദ്ധനവും ലാഭവിഹിത വരുമാനത്തിൽ ₹193.75 കോടിയുടെ വർദ്ധനവും ഉണ്ടായി.

********

© ഇന്ത്യയുടെ കംപ്ട്രോളർ ആന്റ്
ഓഡിറ്റർ ജനറൽ
www.cag.gov.in
2024

https://cag.gov.in/ae/kerala/en